മഹാഭാരതം

വിരാടപൎവ്വം

T61
V:

T61
V82

വ്യാഖ്യാതാവ്
കെ. വി. യം.

ദ. ഠ. ൬. ൽ
III. ൭. ൧

മഹാഭാരതം

വിരാടപൎവ്വം

DEFINITORNIT. O. C. D.
No. 330
LIBRARY.
CANCELLED

വ്യാഖ്യാതാവ്
കെ. വി. യം.

T 61
V 82

DHARMARAM COLLEGE LIBRARY,
19366
BANGALORE.

തൃശ്ശിവപേരൂർ,
വി. സുന്ദരയ്യർ ആൻറ് സൺസ്
വില 1—0—0.

DHARMARAM COLLEGE LIBRARY
12366
BANGALORE.

അവതാരിക

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ വെച്ച് ശ്രീമഹാഭാരതം കിളിപ്പാട്ടാണ് കവിതാഗുണംകൊണ്ട് ഏററവും ഉയർന്നു നില്ക്കുന്നതെന്ന് എല്ലാവരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗ്രന്ഥസംഖ്യകൊണ്ടു നോക്കിയാൽ സംസ്കൃതഭാഷയിലെ സകല ഗ്രന്ഥങ്ങളേയും അപേക്ഷിച്ചു കൂടുതൽ വലുപ്പമുള്ള മഹാഭാരതത്തെ എഴുത്തച്ഛൻ വളരെ സംക്ഷേപിച്ചു പരിഭാഷപ്പെടുത്തിയ ഒരു വിശിഷ്ട ഗ്രന്ഥമാണല്ലോ മഹാഭാരതം കിളിപ്പാട്ട്. അനാവശ്യമായ വർണ്ണനകളും പ്രസക്താനുപ്രസക്തങ്ങളായ ഉപകഥകളും വിട്ട് മൂലഗ്രന്ഥത്തിലെ പ്രധാന ഭാഗങ്ങൾ മാത്രം സ്വീകരിച്ച് രസാനുഗുണമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള ഈ കിളിപ്പാട്ട് ഒരു പരിഭാഷയായിട്ടല്ലാ ഒരു സ്വതന്ത്രകൃതിയായിട്ടാണ് വായനക്കാരുടെ ദൃഷ്ടിയിൽ കാണുന്നതു്. ഈ കിളിപ്പാട്ടിലെ കവിത ഏററവും മനോഹരമായിട്ടുണ്ടെന്ന് സാഹിത്യവിമർശകന്മാരെല്ലാം ഒരുപോലെ സമ്മതിക്കുന്നുണ്ട്. ഭാഷാസാഹിത്യത്തിൽ ഒരു കെടാവിളക്കുപോലെ പരിലസിക്കുന്ന ആ മഹാഭാരതം കിളിപ്പാട്ടിലെ ഒരു പർവ്വമാണ് പ്രസ്തുതമായ വിരാടപർവ്വം.

കഥാസംക്ഷേപം:—വിരാടപർവ്വത്തിലെ കഥ ആരംഭിക്കുന്നതു് പാണ്ഡവന്മാരുടെ അജ്ഞാതവാസം മുതല്ക്കാകുന്നു. ധർമ്മപുത്രൻ ദുര്യോധനനോടു ചൂതുപൊരുതി തോററപ്പോൾ പന്തീരാണ്ടുകാലം വനവാസവും അതിന്നുശേഷം ഒരു സംവത്സരം അജ്ഞാതവാസവും ചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതുപ്രകാരം വനവാസം കഴിഞ്ഞു ധർമ്മപുത്രനും അനുജന്മാരും പാഞ്ചാലിയും കൂടി അജ്ഞാതവാസത്തിന്നാ

യി പുറപ്പെട്ടു. മത്സ്യരാജാവായ വിരാടന്റെ രാജധാനിയാണ് അവർ അജ്ഞാതവാസത്തിന്നു തിരഞ്ഞെടുത്ത സ്ഥലം. അജ്ഞാതവാസം എന്നുവെച്ചാൽ തങ്ങൾ ഇന്നവരാണെന്ന് ആക്കും അറിവാൻ വയ്യാത്തവിധത്തിൽ ഒരു നാട്ടിൽ ഉള്ള വാസമാകുന്നു. ഇതിന്നു വേഷവും തൊഴിലും മാറുകയല്ലാതെ വഴിയില്ലല്ലോ. ആകയാൽ പാണ്ഡവന്മാരും പാഞ്ചാലിയും വേഷച്ഛന്നരായിട്ടാണ് വിരാടരാജ്യത്തു ചെന്നതു്. ധർമ്മപുത്രൻ കങ്കൻ എന്നു പേരുള്ള ഒരു സന്യാസിയായി; ഭീമസേനൻ വലലൻ എന്ന പേർ ധരിച്ച് മടപ്പള്ളി വിചാരിപ്പുകാരനായി കൂടി; അർജ്ജുനൻ ബൃഹന്നള എന്ന പേരിൽ നപുംസകവേഷംപൂണ്ട് രാജകുമാരിയായ ഉത്തരയെ ആട്ടവും പാട്ടും മററു കലാവിദ്യകളും അഭ്യസിപ്പിക്കുവാൻ തുടങ്ങി; നകുലസഹദേവന്മാരിൽ നകുലൻ അശ്വപാലനായും സഹദേവൻ പശുപാലനായും താമസിച്ചു, പാഞ്ചാലി ഒരു സൈരന്ധ്രിയായിട്ട് രാജപത്നിയായ സുദേഷ്ണയുടെ ദാസിയായും താമസം തുടങ്ങി.

സുദേഷ്ണാറാണിയുടെ സഹോദരനായ കീചകൻ സുന്ദരിയായ സൈരന്ധ്രിയെ കണ്ട് കാമപരവശനായി അവളോട് പ്രണയപ്രാത്ഥന ചെയ്തു. പക്ഷേ അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. സൈരന്ധ്രിയെ സ്വാധീനപ്പെടുത്തുവാൻ തനിക്കു സാധിക്കയില്ലെന്നു ബോദ്ധ്യമായപ്പോൾ കീചകൻ അവളെ തന്റെ അടുക്കലേക്കയക്കുവാൻ സുദേഷ്ണയോടപേക്ഷിച്ചു. സുദേഷ്ണ സഹോദരന്റെ പരിതാപം കണ്ടു ഖേദിച്ച് സൈരന്ധ്റിയോട് "കാദംബരിയും കറികളും വൈകാതെ കീചകൻ തന്നോടു വാങ്ങി നീ കൊണ്ടുവാ" എന്നു പറഞ്ഞു് സൈരന്ധ്റിയെ കീചകന്റെ സമീപത്തിലേക്കയച്ചു. സൈരന്ധ്റി വരുന്നതു കണ്ട് കീചകൻ കാമാത്തനായിട്ടടുത്തപ്പോൾ സൈരന്ധ്റി ഭയപ്പെട്ടോടുവാൻ തുടങ്ങി. കീച-

കൻ അവളുടെ പിന്നാലെ ഓടി. ഓടുമ്പോൾ സൈരന്ധ്റി നിലത്തു വീഴുകയും അപ്പോൾ കീചകൻ അവളുടെ തലമുടി പിടിക്കുകയും ചെയ്തു. അതുകണ്ടു കാണികൾ അവനെ വിലക്കി. അപ്പോഴെക്കും അവളെ രക്ഷിപ്പാൻ സൂൎയ്യദേവൻ അയച്ചിരുന്ന രക്ഷോവരൻ അദൃശ്യനായി വന്നു് കീചകനെ പിടിച്ചുതള്ളി നിലംപതിപ്പിച്ചു. വീഴ്ച്ചയിൽ ദേഹം വ്രണപ്പെടുകയാൽ അവൻ ജളനായി പോയൊളിക്കുകയും ചെയ്തു.

അന്നു രാത്രി സൈരന്ധ്റി കീചകനിൽനിന്നു് അനുഭവിക്കേണ്ടിവന്ന സങ്കടം ഭീമസേനനെ അറിയിക്കയും ഏതുവിധവും ആ ദുഷ്ടനെ കൊന്നു് ശല്യം തീൎക്കണമെന്നു് അപേക്ഷിക്കയും ചെയ്തു. ഭീമൻ ഉപദേശിച്ചപ്രകാരം സൈരന്ധ്റി കീചകനുമായുള്ള സമാഗമത്തിന്നു് പാതിരനേരത്ത് കൂത്തരങ്ങത്തു് സങ്കേതം കുറിച്ച് കീചകനെ അറിയിക്കയും, അവൻ സന്തോഷിച്ച് സങ്കേതസ്ഥലത്തേക്കു പോകുവാൻ ഉറക്കുകയും ചെയ്തു. സാഹസികനായ ഭീമസേനൻ മുൻകൂട്ടിത്തന്നെ സങ്കേതത്തിൽ ചെന്നുകിടന്നു. കീചകൻ വിശേഷപ്പെട്ട വസ്ത്രാഭരണാദികളോടു കൂടി യഥാസമയം സങ്കേതത്തിൽ എത്തിച്ചേൎന്നു. അവിടെവെച്ച് ഭീമൻ ആ ദുഷ്ടനെ ഞെക്കിഞെരിച്ചു കൊല്ലുകയും ചെയ്തു. കീചകനോടു രഹസ്സമാഗമത്തിന്നു സമ്മതിച്ചപ്പോൾ സൈരന്ധ്റി തനിക്ക് അഞ്ചു ഗന്ധൎവ്വന്മാരുടെ ആവേശം ഉണ്ടാകാറുണ്ടെന്നു പറഞ്ഞിരുന്നതുകൊണ്ട് കീചകന്റെ മരണത്തിന്നു കാരണം ഗന്ധൎവ്വന്റെ ബാധയാണെന്നേ വിചാരിക്കുവാൻ വഴിയുണ്ടായിരുന്നുള്ളു. കീചകന്റെ സഹോദരന്മാരായിട്ട് നൂററഞ്ചു പേർ ഉണ്ടായിരുന്നു. അവർ "ഇവളാണ് ജ്യേഷ്ഠനെ കൊല്ലിച്ചതു്" എന്നുപറഞ്ഞ് സൈരന്ധ്റിയെ പിടിച്ച് കീചകന്റെ ശവത്തോടുകൂട്ടി വെച്ചുകെട്ടി ദഹിപ്പിക്കുവാൻ ഭാവിച്ചു. അതുകണ്ട് ഭീമസേനൻ "കിചകനെ ഗന്ധൎവ്വൻ കൊന്ന

തിന്ന് ഈ സാധ്വി എന്തുപിഴച്ചു?" എന്നുപറഞ്ഞ് അവളെ വിട്ടയക്കുവാൻ ഉപദേശിച്ചു. അവർ അതു സമ്മതിക്കായ്കയാൽ ഭീമസേനൻ നൂററഞ്ചുപേരേയും അടിച്ചു കൊന്നുകളഞ്ഞു. അന്നുമുതൽക്ക് സൈരന്ധ്രിയെ പുരുഷന്മാരെല്ലാം ഭയപ്പെട്ടുതുടങ്ങി.

അക്കാലത്ത് ഹസ്തിനാപുരിയിൽ ദുര്യോധനൻ മുതൽ പേർ പാണ്ഡവന്മാരെക്കുറിച്ച് ആലോചിപ്പാൻ തുടങ്ങി. പാണ്ഡവന്മാർ അജ്ഞാതവാസം ചെയ്യുന്ന കാലമാണല്ലോ ഇതു്. അവരെ വല്ലദിക്കിലും വെച്ച് കണ്ടെത്തിപ്പിടിച്ചാൽ വീണ്ടും കാട്ടിലേക്ക് അയക്കുവാൻ സാധിക്കും. അജ്ഞാതവാസകാലത്ത് കണ്ടറിഞ്ഞുവെങ്കിൽ വനവാസവും അജ്ഞാതവാസവും ആവർത്തിക്കണമെന്നാണ് ദ്യൂതിലെ നിശ്ചയം. അതിനാൽ അവരെ തിരയുവാൻ ദുര്യോധനൻ നാടായ നാടുകളിലൊക്കെയും ദൂതന്മാരെ അയച്ചു. ദൂതന്മാർ കാര്യം സാധിക്കാതെ മടങ്ങിവന്ന് വിവരം ധരിപ്പിച്ചു. പാണ്ഡവന്മാരെപ്പററി ഒരു തുമ്പും ഉണ്ടായില്ലെന്നു ദൂതന്മാർ പറഞ്ഞപ്പോൾ "മത്സ്യരാജ്യത്തിൽ ഉണ്ടായ വിശേഷമൊന്നും നിങ്ങൾ കേട്ടില്ലേ" എന്നായി ദുര്യോധനൻ! കേട്ടു; ഞങ്ങൾ തിരയുകയും ചെയ്തു. മത്സ്യരാജ്യത്തിലെ സംഭവം ഗന്ധർവ്വന്മാരെക്കൊണ്ടുണ്ടായതാണ്" എന്നു ദൂതന്മാർ അറിയിച്ചു. തദവസരത്തിൽ ബുദ്ധിമാനായ ഭീഷ്മർ,

"ചത്തു കീചകനെങ്കിലോ മാരുത-
പുത്രനത്രേകൊലചെയ്തതു നിർണ്ണയം.
യുക്തിയും ചേരുമതിന്നു നിരൂപിക്കി-
ലുത്തമയാകിയ പാഞ്ചാലികാരണം"

എന്നു പറഞ്ഞു. "അങ്ങനെയാണെങ്കിൽ നമുക്കു പോയി വിരാടരാജാവിന്റെ പശുക്കളെയെല്ലാം അപഹരിച്ചു കൊണ്ടുവരണം. പാണ്ഡവന്മാർ അവിടെയുണ്ടെങ്കിൽ അപ്പോ

ളവർ പുറത്തുവരാതിരിക്കയില്ല" എന്നു് ദുര്യോധനൻ ഉറപ്പിക്കയും, ഗോഗ്രഹണത്തിന്നു് വട്ടംകൂട്ടുകയും ചെയ്തു.

ദുര്യോധനന്റെ കല്പനപ്രകാരം ത്രിഗൎത്തരാജാവു വമ്പടയോടുകൂടി ചെന്നു് വിരാടപുരിയിലുള്ള പശുക്കളെയെല്ലാം തെളിച്ചുകൊണ്ടു പോകുവാൻ തുടങ്ങി. വിരാടരാജാവു തടുത്തു യുദ്ധം തുടങ്ങിയപ്പോൾ ത്രിഗൎത്തൻ അദ്ദേഹത്തെ പിടിച്ചുകെട്ടി. തത്സമയം ധൎമ്മപുത്രൻ ഭീമനോടു രാജാവിനെ സഹായിപ്പാൻ ചെല്ലുന്നതിന്നു നിയോഗിക്കുകയും, അതുപ്രകാരം ഭീമൻ ത്രിഗൎത്തനെ തോല്പിച്ചു രാജാവിനെ വീണ്ടെടുക്കുകയും ചെയ്തു. അപ്പോഴേക്കും ദുര്യോധനാദികൾ വന്നുചേൎന്നു. അവർ പശുക്കളെ ആട്ടിക്കൊണ്ടുപോകയും ചെയ്തു.

ശത്രുക്കൾ വന്നു പശുക്കളെയെല്ലാം കൊണ്ടുപോയ വിവരം ദൂതന്മാർ വിരാടപുത്രനായ ഉത്തരനോടു ചെന്നു പറഞ്ഞു. ആ സമയത്തു് ഉത്തരൻ സ്ത്രീജനങ്ങളുടെ മദ്ധ്യത്തിൽ സരസസംഭാഷണം ചെയ്തു രസിച്ചുംകൊണ്ടിരിക്കയായിരുന്നു. തന്റെ വീൎയ്യം സ്ത്രീകളെ അറിയിപ്പാൻവേണ്ടി തൽക്ഷണം ഉത്തരൻ ദൂതന്മാരോടു് ഉത്തരം പറഞ്ഞു:— "ഞാൻ ഇപ്പോൾതന്നെ പോയി ശത്രുക്കളെ ജയിച്ചു പശുക്കളെ വീണ്ടുകൊണ്ടുവരുമായിരുന്നു. വില്ലാളികളിൽവെച്ചു മുമ്പനായ സാക്ഷാൽ അൎജ്ജുനൻതന്നെ വന്നാലും വിക്രമിയായ എന്നെ തോല്പിക്കുവാൻ കഴിയുകയില്ല. പക്ഷെ പറഞ്ഞിട്ടെന്തുഫലം? എനിക്കൊരു തക്കതായ സാരഥി ഇല്ലല്ലോ." അൎജ്ജുനനെപ്പററി ധിക്കാരത്തോടുകൂടി ഉത്തരൻ പറഞ്ഞവാക്കു് സൈരന്ധ്രിക്കു രസിച്ചില്ല. ആ വരവൎണ്ണിനി ഈ വിവരം വിജയനെ അറിയിച്ചു. അപ്പോൾ "സാരഥ്യംവഹിക്കുവാൻ ആളുണ്ടു്. ഇവിടെ ബൃഹന്നളയില്ലേ? അവൾക്കു് സാരഥ്യവിദ്യയിൽ നല്ല സാമൎത്ഥ്യമുണ്ടു്." എന്നു് ഉത്തരനോടു പറയുവാൻ അൎജ്ജുനൻ പറഞ്ഞു. സൈരന്ധ്രി ആ വിവരം ധരി-

ഷ്പിച്ചപ്പോൾ ഉത്തരൻ "അതു തരക്കേടില്ല. പക്ഷെ ആരാണ് ബൃഹന്നളയെ പറഞ്ഞു ധരിപ്പിച്ചു സാരഥ്യം വഹിപ്പാൻ പുറപ്പെടുവിക്കുക" എന്നു ചോദിച്ചു. "രാജകുമാരിയായ ഉത്തര പറഞ്ഞാൽ ബൃഹന്നള തീച്ചയായും സമ്മതിക്കും" എന്നു സൈരന്ധ്രി ഉപദേശിച്ചു. ഉത്തര ബൃഹന്നളയെ സാരഥ്യം വഹിപ്പാൻ സമ്മതിപ്പിച്ചു കൂട്ടിക്കൊണ്ടുവരികയും ചെയ്തു. ബൃഹന്നളയാകട്ടെ വളരെ ചടച്ച കുതിരകളെ രഥത്തിൽ പൂട്ടിക്കെട്ടി പുറപ്പെടുവാൻ തയ്യാറായി. ഉത്തരൻ രഥാരൂഢനായി യുദ്ധത്തിന്നു പോകയും ചെയ്തു. പോകുമ്പോൾ സ്ത്രീജനങ്ങൾ ഉത്തരനോടു "യുദ്ധത്തിൽ ശത്രുക്കളെ ജയിച്ചുവരുമ്പോൾ ഞങ്ങൾക്ക് നല്ല വസ്ത്രങ്ങൾ കൊണ്ടുവന്നു സമ്മാനിക്കണം" എന്നപേക്ഷിക്കയും ഉത്തരൻ അങ്ങനെ ചെയ്യാമെന്നു സമ്മതിക്കയും ചെയ്തു.

യുദ്ധസന്നദ്ധനായി കുരുക്ഷേത്രത്തിങ്കലോളം എത്തിയപ്പോൾ കൌരവന്മാരുടെ വീര്യം വിചാരിച്ച് ഉത്തരൻ ഭയപ്പെട്ടുതുടങ്ങി. ഭീഷ്മദ്രോണാദികളായ മഹാരഥന്മാരോട് എതിരിടുവാൻ താൻ ശക്തനല്ലെന്നും, അതിനാൽ തേർ പിന്തിരിക്കേണമെന്നും ഉത്തരൻ ബൃഹന്നളയോടു പറഞ്ഞു. പക്ഷെ ഭീരുവായ രാജകുമാരന്റെ ചാപല്യത്തിന്നു ബൃഹന്നള വഴിപ്പെട്ടില്ല. എന്തു പറഞ്ഞിട്ടും രഥം പിന്തിരിക്കായ്കയാൽ ഉത്തരൻ തേരിൽനിന്നു് എടുത്തുചാടി; കൂടെ ബൃഹന്നളയും ചാടി. ബൃഹന്നള ഉത്തരനെ പിടിച്ചു കൈകാലുകൾ വരിഞ്ഞുകെട്ടി തേരിലിട്ടു. തദവസരത്തിൽ ഏററവും ഭീതനായ ഉത്തരൻ ബൃഹന്നളയോടു തന്നെ രാജധാനിയിലേക്കു തന്നെ കൊണ്ടുപോകേണമെന്നു താണുകേണപേക്ഷിച്ചു. അതു കേട്ടു ബൃഹന്നള ചെന്നു് ശമീവൃക്ഷത്തിന്റെ പൊത്തിൽ സൂക്ഷിച്ചിരുന്ന വില്ലുമമ്പും മററും എടുത്തു. അതുകണ്ടു് "ഈ ആയുധമെല്ലാം ആരുടെയാണ് ബൃഹന്നളേ"

എന്നു് കുമാരൻ ചോദിക്കയും "ഇവ പാണ്ഡവന്മാരുടെയാണ്" എന്നു് ബൃഹന്നള പറകയും ചെയ്തു. അനന്തരം താൻ മദ്ധ്യമ പാണ്ഡവനായ അർജ്ജുനനാണെന്നും കങ്കാദികൾ യുധിഷ്ഠിരാദികളാണെന്നും ഉള്ള വാസ്തവം ബൃഹന്നള ഉത്തരനെ ധരിപ്പിച്ചു. "എന്നാൽ എന്റെ ശങ്ക തീരുവാൻ നിന്റെ പത്തുനാമങ്ങളും പറയുക" എന്നു് പറഞ്ഞ ഉത്തരന്നു് അർജ്ജുനൻ തന്റെ പത്തു നാമങ്ങളേയും പറഞ്ഞു കൊടുത്തു. അപ്പോൾ ഭയമെല്ലാം തീൎന്നു് ഉത്തരൻ,

"മന്നവ നിന്നോടു തുല്യനെന്നെന്നെ ഞാൻ
മുന്നമേ ചൊന്നതറിഞ്ഞു പൊറുക്കണം.
ഇന്ദ്രനുമാതലിതേർ നടത്തുംവണ്ണ-
മിന്ദ്രതനുജ നടത്തുന്നതുണ്ടു ഞാൻ"

എന്നു പറഞ്ഞു് സാരഥ്യം ഏറെറടുത്തു. അർജ്ജുനൻ വില്ലുകുലച്ചു് തേരിലേറുകയും ചെയ്തു. ഉടനെ അദ്ദേഹം സ്മരിച്ച പ്രകാരം ഹനുമാൻ വന്നു തേരിന്റെ കൊടിമരത്തിന്മേൽ ഇരുന്നു ഹുങ്കാരം മുഴക്കി. അർജ്ജുനൻ തന്റെ ദേവദത്തമെന്ന ശംഖംവിളിച്ചു വലിയനാദം പുറപ്പെടുവിച്ചു. അർജ്ജുനന്റെ യുദ്ധയാത്ര അത്യന്തം ഭയങ്കരമായിതീൎന്നു.

അർജ്ജുനന്റെ ആഗമനത്തിലുണ്ടായ ഘോഷങ്ങൾ കേട്ടു് കൌരവന്മാരുടെ ഇടയിൽ വലിയ പരിഭ്രമമുണ്ടായി. "അർജ്ജുനന്റെ വരവാണിതു്. നാമെല്ലാം ഇന്നു നിശ്ചയമായും തോല്ക്കും" എന്നു ദ്രോണാചാൎയ്യർ പറഞ്ഞപ്പോൾ സുയോധനൻ ഭീഷ്മരോടു "സമയം കഴിയുന്നതിന്നു മുമ്പു പാണ്ഡവന്മാർ വന്നുവെങ്കിൽ രണ്ടാമതും വനത്തിലേക്കയക്കണം" എന്നു പറഞ്ഞു. അപ്പോൾ കൎണ്ണൻ "അർജ്ജുനനല്ല പരശുരാമൻതന്നെ വന്നാലും ഞാൻ ജയിക്കും" എന്നു പറഞ്ഞപ്പോൾ കൃപാചാൎയ്യർ "മതി മതി മേനി പറഞ്ഞതു്." എന്നു വിലക്കി, അർജ്ജുനന്റെ അപദാനങ്ങൾ ഓരോന്നായി വൎണ്ണി

ക്കുവാൻ തുടങ്ങി. അതു കേട്ട കർണ്ണൻ കൃപാചാൎയ്യരെ കുറെ പുച്ഛിച്ചു പറകയും, അതിൽ കുപിതനായി അശ്വത്ഥാമാവു് ചൊടിക്കുകയും ചെയ്തു. അപ്പോൾ മാദ്ധ്യസ്ഥ്യമവലംബിച്ചു ഭീഷ്മർ അവരിരുവരേയും വിലക്കുകയും "നിശ്ചയപ്രകാരമുള്ള പതിമൂന്നു സംവത്സരം കഴിഞ്ഞു" എന്നു പറകയും ചെയ്തു. "സമയം കഴിഞ്ഞുവെങ്കിൽ കഴിഞ്ഞോട്ടെ. എന്നാലും ഞാൻ രാജ്യം കൊടുക്കുകയില്ല. അർജ്ജുനൻ യുദ്ധത്തിന്നു വന്നുവെങ്കിൽ നമ്മളും യുദ്ധത്തിന്നൊരുങ്ങണം" എന്നു ദുൎയ്യോധനൻ ഖണ്ഡിതമായി പറഞ്ഞു.

യുദ്ധസന്നദ്ധനായി ശത്രുസൈന്യത്തിന്റെ സമീപത്തിലെത്തിയ അർജ്ജുനൻ കൌരവപക്ഷത്തിലുള്ള ഭീഷ്മദ്രോണാദികളായ മഹാരഥന്മാരിൽ ഓരോരുത്തരുടേയും തേരും കൊടിയടയാളവും സാരഥിയായ ഉത്തരനെ പറഞ്ഞു ധരിപ്പിച്ചു; തുടൎന്നുകൊണ്ടു് ശരവർഷം തുടങ്ങുകയും ചെയ്തു. പിന്നീടുണ്ടായ ഭയങ്കരയുദ്ധത്തിന്റെ കോലാഹലം വർണ്ണിക്കുവാൻ സാദ്ധ്യമല്ല. കൌരവപക്ഷത്തിലുള്ള മഹാരഥന്മാരെല്ലാം പരാജിതന്മാരായി പിന്തിരിച്ചു. ഒടുവിൽ അർജ്ജുനൻ മോഹനാസ്ത്രം പ്രയോഗിച്ചു ശത്രുക്കളെയെല്ലാം മോഹാലസ്യപ്പെടുത്തി പതിപ്പിക്കുകയും, ഗുരുജനങ്ങളെ ഒഴിച്ചു ശേഷമുള്ളവരുടെയെല്ലാം വസ്ത്രാഭരണാദികൾ വിരാടരാജധാനിയിലെ സ്ത്രീകൾക്കു സമ്മാനിപ്പാൻവേണ്ടി അഴിച്ചെടുത്തുകൊൾവാൻ ഉത്തരനോടു പറകയും ചെയ്തു. ഉത്തരൻ അപ്രകാരം ചെയ്തതിന്നുശേഷം പാർത്ഥൻ ഈരണ്ടു ശരങ്ങളെക്കൊണ്ടു് ഗുരുക്കന്മാൎക്കു അഭിവാദ്യം ചെയ്തു് യുദ്ധഭൂമിയിൽനിന്നു തിരിച്ചു. ശത്രുക്കളെ ജയിച്ചു പശുക്കളെ വീണ്ടെടുത്ത വിവരം പിതാവിനെ ധരിപ്പിക്കുവാൻ ഉത്തരനെ മുൻകൂട്ടി രാജധാനിയിലേക്കു പറഞ്ഞയച്ചു അർജ്ജുനൻ ആയുധങ്ങൾ യഥാപൂൎവ്വം ശമീവൃക്ഷത്തിന്മേൽതന്നെ കൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്തു.

DEFIN... O.C.D. No 3730 LIBRARY

രാജകുമാരനായ ഉത്തരൻ കൌരവന്മാരെ ജയിച്ചുവന്ന വിവരം ദൂതന്മാർ ചെന്നു് വിരാടരാജാവിനെ ധരിപ്പിച്ചു. രാജാവു് അത്യന്തം സന്തോഷിച്ചു് നഗരത്തിൽ വിശേഷാൽ അലങ്കാരാദികൾ ചെയ്തു് ഉത്സവം ആഘോഷിപ്പാൻ ആജ്ഞാപിക്കുകയും ചെയ്തു. ഉത്സവദിവസമാകയാൽ അന്നു് കുറച്ചു ചൂതുകളിക്കേണമെന്നു് മഹാരാജാവു നിശ്ചയിച്ചു. ചൂതിന്നു കൂട്ടുകാരനായി തന്റെ സഹചരനായ കങ്കസന്ന്യാസിയെ അദ്ദേഹം ക്ഷണിച്ചു. കങ്കൻ ചൂതുപൊരുതുവാൻ മറുത്തുപറകയാണുണ്ടായതു്, "ചൂതുകൊണ്ടു വളരെ ദോഷങ്ങൾ വരാറുണ്ടു്. ധമ്മപുത്രന്നു് ചൂതുകൊണ്ടുണ്ടായ അനൎത്ഥം കേട്ടിട്ടില്ലേ?" എന്നു കങ്കൻ പറഞ്ഞു. "അതൊക്കെ ശരി. എന്നാലും നമുക്കു് ഒരു വരകളിക്കണം" എന്നു രാജാവു നിർബ്ബന്ധിച്ചപ്പോൾ സന്ന്യാസി സമ്മതിച്ചു. ചൂതുപൊരുതുന്നതിന്നിടയിൽ രാജാവു ഉത്തരൻ കൌരവന്മാരെ ജയിച്ച വിവരം പറയുന്നതിന്നിടയായി. "ഉത്തരനല്ല ജയിച്ചതു്. ബൃഹന്നളയാണു്" എന്നായി കങ്കൻ. അന്യസ്തുതി കേട്ടു് കോപിച്ചു രാജാവു ചൂതു കരുകൊണ്ടു് കങ്കന്റെമേൽ എറികയും, എറു നെററിമേൽകൊണ്ടു ചോര ഇററുവീഴുവാൻ തുടങ്ങുകയും ചെയ്തു. യുധിഷ്ഠിരന്റെമേൽനിന്നു ചോര നിലത്തു വീഴ്ത്തുന്നവൻ ആരായാലും അവനെ താൻ കൊല്ലുമെന്നു അൎജ്ജുനൻ സത്യംചെയ്തിട്ടുണ്ടു്, അതു വിചാരിച്ചു മത്സ്യരാജാവിന്റെ മരണം കൂടാതെ കഴിപ്പാൻവേണ്ടി സൈരന്ധ്രി കങ്കന്റെ നെററിമേൽനിന്നു പുറപ്പെട്ട രക്തം നിലത്തുവീഴാതെ ഉത്തരീയം കാട്ടി വാങ്ങി; സന്ന്യാസിയുടെ രക്തംവീഴുന്നേടം മുടിയുമെന്നാണു് അങ്ങനെ ചെയ്യുന്നതിന്നു കാരണം പറഞ്ഞതു്. ഇത്രയുമായപ്പോഴെക്കും ഉത്തരൻ വന്നു വണങ്ങുകയും, കങ്കാദികൾ പാണ്ഡവന്മാരാണെന്ന പരമാൎത്ഥം അറിയുകയുംചെയ്തു. പോരിൽ വിജയിയായ വിജയന്നു് വി

രാടൻ സ്വപുത്രിയായ ഉത്തരയെ പ്രദാനം ചെയ്തു. താൻ ഉത്തരയുടെ ആചാര്യസ്ഥാനം വഹിച്ചവനാകയാൽ ജനാപവാദം വരുമെന്നു ശങ്കിച്ചു പുത്രനായ അഭിമന്യുവിന്റെ ഭാര്യയാകുവാൻവേണ്ടി അർജ്ജുനൻ ഉത്തരയെ സ്വീകരിച്ചു.

പിന്നെ പാണ്ഡവന്മാർ അജ്ഞാതവാസം കഴിഞ്ഞതിനുശേഷം ഉപപ്ലാവ്യമെന്ന നഗരത്തിൽ ചെന്നു താമസം തുടങ്ങി. പാഞ്ചാലരാജാവ്. പാഞ്ചാലീസോദരനായ ധൃഷ്ടദ്യുമ്നൻ, സുഭദ്ര, സുഭദ്രാപുത്രനായ അഭിമന്യു മുതലായവരെല്ലാം ഉപപ്ലാവ്യനഗരത്തിൽ എത്തിച്ചേൎന്നു. അവിടെ വെച്ചു അഭിമന്യുവും ഉത്തരയും തമ്മിലുള്ള വിവാഹവും ആഘോഷിച്ചു. പിന്നെ ധൎമ്മപുത്രൻ തനിക്കവകാശപ്പെട്ട പകുതിരാജ്യം ദുര്യോധനനോട് ചോദിച്ചുവാങ്ങുവാനുള്ള ആലോചന തുടങ്ങി. യുദ്ധം ആരംഭിച്ചാൽ കൌരവന്മാരെ ജയിപ്പാൻ പ്രയാസമുള്ളതുകൊണ്ടു" ഭഗവാൻ ശ്രീകൃഷ്ണൻമാത്രമേ ശരണമുള്ളു എന്നു് ധൎമ്മപുത്രൻ ഉറച്ചു. ഇതോടുകൂടി വിരാടപൎവ്വത്തിലെ കഥ അവസാനിക്കുന്നു.

പാത്രസ്വഭാവം

ഈ വിരാടപൎവ്വത്തിൽ പ്രച്ഛന്നവേഷന്മാരായ പാണ്ഡവന്മാർ, പാഞ്ചാലി, മത്സ്യരാജാവ്, രാജ്ഞി സുദേഷ്ണ, ഉത്തരൻ, കീചകൻ, ദുര്യോധനാദികളായ കൌരവപക്ഷക്കാർ എന്നിങ്ങനെ അനേകം പാത്രങ്ങൾ സംബന്ധിക്കുന്നുണ്ടല്ലോ. ഇവരിൽ അധികംപേരുടേയും സ്വഭാവം പ്രത്യേകമായി നിരൂപണം ചെയ്യത്തക്കവിധം അത്ര പ്രകടമായി കാണിച്ചിട്ടില്ല. സവിശേഷം പ്രസ്താവാൎഹങ്ങളായ ചില പാത്രങ്ങളുടെ സ്വഭാവത്തെപ്പററി സ്വല്പം ചിന്തിക്കാം.

കങ്കൻ:— കങ്കൻ എന്ന സന്ന്യാസിക്കു് ധൎമ്മപുത്രന്റെ

ധമ്മബോധവും വിവേകവും തികച്ചുമുണ്ട്. തൽക്കാലം തന്റെ സ്വാമിയായിട്ടുള്ള മത്സ്യരാജാവിനെ ത്രിഗത്തൻ ബന്ധനസ്ഥനാക്കിയപ്പോൾ അദ്ദേഹത്തെ സഹായിപ്പാൻ ഭീമനെ നിയോഗിക്കുന്നതിൽനിന്ന് ദയാദാക്ഷിണ്യാദികളായ ഗുണങ്ങൾ പ്രത്യക്ഷമാകുന്നുണ്ട്. പുത്രന്റെ വിജയോത്സവം കൊണ്ടാടുന്ന മത്സ്യരാജാവു ചൂതു കളിപ്പാൻ ക്ഷണിച്ചപ്പോൾ കങ്കന്റെ വിവേകവും വിജ്ഞാനവും അദ്ദേഹത്തെ അതിൽനിന്നു വിലക്കുവാൻ പ്രേരിപ്പിച്ചു. ഉത്തരനാണ് കൌരവന്മാരെ ജയിച്ചതെന്നുള്ള അവാസ്തവപ്രസ്താവത്തെ നിരസിക്കുവാൻ സത്യസന്ധത അദ്ദേഹത്തെ പ്രചോദനം ചെയ്തു. ഇതിൽനിന്നെല്ലാം അദ്ദേഹം ഒരുത്തമ പാത്രമാണെന്ന് വ്യക്തമാകുന്നുണ്ട്.

വലലൻ—ബലശച്ചിതനും ധീരനും അഭിമാനിയുമായ ഭീമസേനന്റെ സ്വഭാവം വലലനിൽ പരിപൂർണ്ണമായി അടങ്ങിയിരിക്കുന്നുണ്ട്. വേഷം മാറിയതോടുകൂടി ആ സ്വഭാവവും മറച്ചുവെയ്ക്കപ്പെട്ടിരിക്കുന്നു എന്നേയുള്ളു. ചില സന്ദർഭങ്ങളിൽ അതു് അടക്കിയാലടങ്ങാത്തവിധം പ്രകാശിക്കുന്നുണ്ട്. സൈരന്ധ്രി കീചകനെക്കൊണ്ടുള്ള ഉപദ്രവം അറിയിച്ചപ്പോൾ ഒരു മാസംകൂടി വല്ലവിധവും പൊറുത്തിരിക്കുവാൻ തല്ക്കാലസ്ഥിതികൾ യോജിച്ചതായ ക്ഷമ അദ്ദേഹത്തെക്കൊണ്ടു പറയിക്കുന്നുണ്ടെങ്കിലും അടുത്തുതന്നെ അമഷം അതിനെ തട്ടിനീക്കുന്നുണ്ട്. അതിന്റെ ഫലമാണല്ലോ കീചകവധം. ഉപകീചകന്മാർ സൈരന്ധ്രിയെ ദ്രോഹിപ്പാൻ പുറപ്പെട്ടതു കണ്ടപ്പോൾ ഭീമസേനന്റെ തനിനിറം വലലനിൽ പ്രത്യക്ഷമാകുന്നു. ഉപകീചകന്മാരെ തച്ചുകൊന്നു നില്ക്കുന്ന വലലനെ "കൂറ്റൻ ചുര മാന്തി നില്ക്കുന്നതുപോലെയേറ്റം ചിനത്തോട നിന്നിതു" എന്നാണു കവി പറയുന്നതു്. മത്സ്യരാജാവിനെ ത്രിഗത്തൻ ബന്ധിച്ചതു കണ്ടു

പ്പോൾ കോപിച്ചു പല്ലുകടിച്ചു നില്ക്കുന്ന വലലന്ന് കങ്കന്റെ നിയോഗം കേൾക്കേണ്ട താമസമേ വിക്രമപ്രകടനത്തിന്നു വേണ്ടി വന്നുള്ളു. എന്തിന്നധികം, വലലനിൽ ഭീമസേനന്റെ വേഷപ്പകൎച്ച തീരെ കുറച്ചും കാണുന്നുണ്ട്.

ബൃഹന്നള:—ബൃഹന്നളയിൽ അൎജ്ജുനന്റെധീരോദാത്ത സ്വഭാവം ഒളിഞ്ഞും തെളിഞ്ഞും പ്രകാശിക്കുന്നുണ്ട്. ഭൎത്തൃനിന്ദ കേട്ടു വൈമനസ്യം പൂണ്ട സൈരന്ധ്രി സങ്കടം പറഞ്ഞപ്പോൾ ഉപായജ്ഞയായ ബൃഹന്നള താൻ ഉത്തരന്നു സാരഥ്യം വഹിക്കാമെന്നു പറയുവാൻ ഉപദേശിച്ചതിൽനിന്ന് ഉപായജ്ഞത വ്യക്തമാകുന്നുണ്ട്. ഉത്തരൻ യുദ്ധഭീതനായി ചാപല്യം കാണിപ്പാൻ തുടങ്ങിയപ്പോൾ ധൈൎയ്യവും ധാരാളം പ്രത്യക്ഷമായി. ഇതിന്നുശേഷം ബൃഹന്നളയെ സാക്ഷാൽ അൎജ്ജുനൻതന്നെയായിട്ടാണ് നാം കാണുന്നതു്. കുരുക്ഷേത്രത്തിൽ വെച്ച് മഹാരഥന്മാരായ കൌരവന്മാരെ യുദ്ധം ചെയ്തു പരാജിതന്മാരാക്കിയ കിരീടിയുടെ ധൈൎയ്യവീൎയ്യ പരാക്രമങ്ങൾ കേവലം അവൎണ്ണനീയങ്ങൾ തന്നെയാകുന്നു.

സൈരന്ധ്റി:—സൈരന്ധ്റിയിൽ പാഞ്ചാലിയുടെ ഗുണവിശേഷങ്ങൾ പ്രകടമായി കാണുന്നുണ്ട്. സുദേഷ്ണയുടെ സോദരനായ കീചകൻ കാമാൎത്തനായി കാട്ടിക്കൂട്ടിയ ചാപല്യങ്ങൾക്കു കണക്കിന്നു ശിക്ഷ കൊടുക്കുവാൻ തേജസ്വിനിയായ സൈരന്ധ്റി അശേഷം അമാന്തിക്കുന്നില്ല. താൻ തല്ക്കാലം സുദേഷ്ണയുടെ ദാസിയായിരിക്കുന്ന സ്ഥിതിക്കു കീചകന്റെ അടുക്കൽ ചെന്നു "കാദംബരിയും കറികളും" വാങ്ങിക്കൊണ്ടുവരുവാൻ സുദേഷ്ണ കല്പിച്ചതിനെ ആ സാധ്വി മനമല്ലാമനസ്സോടെ സമ്മതിച്ചു. സുദേഷ്ണയുടെ മുമ്പിലുള്ള "മൌനാനുവാദം"തന്നെ സൈരന്ധ്റിയുടെ കുലീനതയെ പ്രകടമാക്കുന്നുണ്ട്. ഭീമസേനന്റെ പേരിൽ തനിക്കുള്ള സ്വാധീനശക്തിയിൽ അവൾക്കു ധാരാളത്തിലധികം വിശ്വാസ

മുണ്ട്. "മാസമോ പിന്നെയല്ലോ ഇനിക്കിങ്ങൊരു വാസര മല്ലൊരു നാഴികയും പൊറാ" എന്നുള്ള വചനത്തിൽനിന്ന് ഇതു വിശദമാകുന്നുണ്ട്.

സുദേഷ്ണ:—മത്സ്യരാജപത്നിയായ സുദേഷ്ണ ആരുകപ്പാടെ ദോഷമില്ലാത്തവളാണെങ്കിലും സഹോദരസ്നേഹം അവളെ അല്പം വഴിപിഴപ്പിക്കുന്നുണ്ട്. സൈരന്ധ്രി ചാരിത്രശാലിനിയാണെന്നും, കീചകൻ കാമചാപല്യമുള്ളവനാണെന്നും അറിഞ്ഞുംകൊണ്ട് അവളെ അവൻെറ സമീപത്തേക്കയക്കുവാൻ ഒരുമ്പെട്ടതു് സുദേഷ്ണയുടെ സ്വഭാവത്തിന്ന മാലിന്യം വരുത്തിയിരിക്കുന്നു.

കീചകൻ:—"കാമൻെറ കോമരം", ചാപല്യത്തിൻെറ മൂർത്തി, താന്തോന്നിത്തത്തിൻെറ അവതാരം, സ്വേച്ഛാധികാരത്തിൻെറ നഗ്നരൂപം ഇതിൽ ഏതു വിശേഷണം പറഞ്ഞാലും കീചകന്ന യോജിക്കും. താൻ മഹാരാജാവിൻെറ "അളിയൻ" ആണെന്നുള്ളതുകൊണ്ടു് രാജധാനിയിൽ എന്തു പ്രവൃത്തിച്ചാലും അന്യായമാകയില്ലെന്ന കീചകന്ന തോന്നി. അതിനാലാണ് അയാൾ അഴകുരാവണൻെറ വേഷം ധരിപ്പാൻ ധൈൎയ്യപ്പെട്ടതു്. അതിൻെറ ഫലം കീചകന്ന തൽക്ഷണംതന്നെ അനുഭവിക്കേണ്ടി വരികയും ചെയ്തു. "അത്യുൽക്കടൈഃ പുണ്യപാപൈരിഹൈവ ഫലമശ്നുതെ" എന്ന പ്രമാണം എത്ര വാസ്തവം.!

ഉത്തരൻ:—രാജകുമാരനായ ഉത്തരൻ രസികനും ആത്മപ്രശംസയിൽ വിദഗ്ദ്ധനുമാകുന്നു. സ്ത്രീജനങ്ങളുടെ മദ്ധ്യത്തിൽ വെച്ചു് തൻെറ വീൎയ്യപരാക്രമങ്ങളെ പ്രകടിപ്പിക്കുവാൻ ഉത്തരൻ മടിക്കുന്നില്ല. മേനി പറയുന്നവൎക്ക മേലുകീഴ നോക്കുവാനുള്ള ബുദ്ധി പലപ്പോഴും നശിച്ചുപോകും. അതിനാലാണ് ആ യുവാവു് "വൃത്രാരി പുത്രനാമൎജ്ജുനൻ താൻതന്നെ യുദ്ധത്തിനായ് വരുന്നാകിലവനേയും വെല്ലുന്ന

തുണ്ടു ഞാൻ" എന്നു പറയുവാൻ ധൈൎയ്യപ്പെട്ടതു്. പക്ഷേ സാരഥിയില്ലാത്ത തന്നെ യുദ്ധത്തിന്നു പുറപ്പെടുവിക്കുവാൻ തക്ക സാമൎത്ഥ്യമുള്ള ഒരാൾ അവിടെയുണ്ടാകുമെന്നു് ആ സാധു സംശയിച്ചില്ല. തക്ക സാരഥിയെ കൊണ്ടുവന്നു കൊടുത്തപ്പോൾ പറഞ്ഞ വാക്കു തെറ്റിക്കുവാൻ നിവൃത്തിയില്ലാതെയും വന്നു. അതിനാലാണു" ഉത്തരന്നു് യുദ്ധത്തിന്ന് പോകുവാൻ യോഗമുണ്ടായതു്. കൌരവന്മാരുടെ പരാക്രമം ആലോചിച്ചപ്പോൾ ഉത്തരന്റെ ഭീരുത്വം പ്രകടമായി; തേരു തിരിച്ചോടിക്കുവാൻ എത്ര പറഞ്ഞിട്ടും ബൃഹന്നള കൂട്ടാക്കായ്കയാൽ ഓടുന്ന തേരിൽനിന്നു് എടുത്തു ചാടുവാൻ പോലും ആ "പേടിത്തൊണ്ടൻ" മടിച്ചില്ല. ബൃഹന്നള കൈയ്യും കാലും കെട്ടി തേരിലിട്ടപ്പോഴാണു് ഉത്തരന്റെ ഭീരുസ്വഭാവം തെളിഞ്ഞു കാണുന്നതു്. നാടും, നഗരവുമൊക്കെ തരാമെന്നും, തനിക്കു് അമ്മയെ കാണണമെന്നും ഒരു വീരസാരഥിയോടു കെഞ്ചി പറയുന്നതു കേട്ടാൽ അൎജ്ജുനനല്ല ആരും ചിരിച്ചുപോകും. ആകപ്പാടെ നോക്കിയാൽ ഉത്തരനെ മൂൎത്തിമത്തായ ഭീരുത്വമായിട്ടുവേണം പറയുവാൻ.

വൃത്താലങ്കാരങ്ങൾ

വിരാടപൎവ്വത്തിൽ ഉപയോഗിച്ചിട്ടുള്ള വൃത്തം കാകളിയാകുന്നു. കിളിപ്പാട്ടു വൃത്തങ്ങളിൽ പ്രാധാന്യം വഹിക്കുന്ന ഒന്നാണല്ലോ കാകളി. ഇതിന്റെ ലക്ഷണം.

മാത്രയഞ്ചക്ഷരംമൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേൎത്തുള്ളീരടികൾ
ചൊല്ലാം കാകളിയെന്നുപേർ

എന്നാകുന്നു. അഞ്ചുമാത്ര കിട്ടുന്നവിധത്തിൽ മൂന്നക്ഷരം ചേ

ത്തു് ഒരു ഗണം. അതായതു് രണ്ടു ഗുരുവും ഒരു ലഘുവും ഉള്ള "ര" ഗണമോ "ത" ഗണമോ "യ" ഗണമോ ആവും. ഇങ്ങനെയുള്ള നാലുഗണംകൂടിയതു് ഒന്നാംപാദം; അതുപോലെതന്നെ രണ്ടാംപാദവും, ഇങ്ങനെയാണ് കാകളിയുടെ ലക്ഷണം.

"സത്വര മുത്തരൻ തേരിൽക്കരേറിനാൻ
വൃത്രാരിപുത്രനും തേർതെളിച്ചീടിനാൻ"

എന്നിങ്ങനെ ഈ പർവ്വത്തിലെ ശീലുകളിൽ ലക്ഷണസമന്വയം കണ്ടുകൊൾക.

എന്നാൽ ഈ വിരാടപർവ്വത്തിൽ ആദ്യത്തെ രണ്ടീരടികളിൽ "ഊനകാകളി"യാണ് വൃത്തം, അതിന്റെ ലക്ഷണം"

രണ്ടാംപാദാവസാനത്തിൽ
വരുന്നോരുഗണത്തിനു
വർണ്ണമൊന്നു കുറഞ്ഞീടി-
ലൂനകാകളിയാമതു്.

എന്നാകുന്നു. ഉദാഹരണം:—

"നാരായണൻ തിരുനാമാമൃതരസ-
മോരാതവരധമരിലധമർ"

കാകളിയിൽനിന്നു ഇതിന്നുള്ള വ്യത്യാസം രണ്ടാംപാദത്തിലെ ഗണത്തിന്നു രണ്ടക്ഷരമേ ഉള്ളു എന്നാണ്. ഈ വൃത്തം പർവ്വാരംഭങ്ങളിൽ ഒരു വൈചിത്ര്യം വരുത്തുവാൻ വേണ്ടിമാത്രം ദുർല്ലഭമായിട്ടേ എഴുത്തച്ഛൻ ഉപയോഗിക്കാറുള്ളു. ഏതാനും വരികൾ കഴിഞ്ഞാൽ സാധാരണ കാകളിതന്നെയാണ് ആശ്രയിക്കുക പതിവു്. വിരാടപർവ്വത്തിലെ വൃത്തത്തെപ്പററി ഇതിൽ കൂടുതലായി ഒന്നും പറയുവാൻ തോന്നുന്നില്ല.

ഇനി അലങ്കാരത്തിൻെറ കാൎയ്യം നോക്കാം. അലങ്കാരം രണ്ടുവിധമുണ്ടു്, ഒന്നു ശബ്ദാലങ്കാരം, മറെറാന്നു അൎത്ഥാലങ്കാരം. അനുപ്രാസാദികൾ ശബ്ദാലങ്കാരവും, ഉപമോൽപ്രേക്ഷാദികൾ അൎത്ഥാലങ്കാരവുമാകുന്നു. എഴുത്തച്ഛൻ ഈ രണ്ടുവിധം അലങ്കാരങ്ങളും ഔചിത്യംനോക്കി നല്ല തന്മയത്വത്തോടുകൂടി പ്രയോഗിക്കുവാൻ മനസ്സിരുത്തീട്ടുണ്ടെന്നു് ഈ വിരാടപൎവ്വത്തിൽനിന്നു ധാരാളം തെളിയുന്നുണ്ടു്. "മല്ലബാണൻ തൻെറ വില്ലിനെപ്പോർചെയ്തു വെല്ലുന്ന നിന്നുടെ ചില്ലിക്കൊടിയിണ"എന്നു തുടങ്ങി കീചകൻ സൈരന്ധ്റിയോടു ചെയ്യുന്ന പ്രണയപ്രാൎത്ഥനയിലും മററും സഹൃദയഹൃദയത്തെ ചമൽകൃതമാക്കിത്തീക്കുന്ന ശബ്ദാൎത്ഥാലങ്കാരങ്ങൾ സുലഭമായി കാണാവുന്നതാണ്. ഉദാഹരണങ്ങൾ സ്വയം ഊഹ്യങ്ങളാകുന്നു.

കെ. വി. എം.

———:–:———

ശ്രീമഹാഭാരതം

വിരാടപർവ്വം

അജ്ഞാതവാസം.

നാരായണൻതിരുനാമാമൃതരസ-
മോരാതവരധമരിലധമർ.
പോരാപറഞ്ഞതുബാലേവിരവോടു
നേരേപാകതച്ചരിതമിന്നും
തച്ചരിതങ്ങൾപറഞ്ഞാലൊട്ടുക്കമി-
ല്ലച്ചുതഭക്തരിൽമുമ്പനാംധർമ്മജൻ
ജീവിച്ചെഴുന്നേററസോദരന്മാരൊടും
ഭാവിച്ചിതുപിന്നെവേണുന്നകാര്യവും
അജ്ഞാതവാസംകഴിപ്പാനുപായവും
ജിജ്ഞാസിച്ചീടിനാരെവരുമായപ്പോൾ
അജ്ഞാനമെല്ലാമകലെക്കളഞ്ഞൊരു
വിജ്ഞാനികളായധർമ്മജന്മാദികൾ
ആയുധമൊക്കെശ്ശമീവൃക്ഷത്തിന്മേൽവെ-
ച്ചായതനേത്രയാംകൃഷ്ണയുംതങ്ങളും
ഛന്നമായുള്ളോരുനാമവേഷത്തോടും
ചെന്നുവിരാടപുരിയിലകംപുക്കാർ.
കങ്കനെന്നോരുസന്ന്യാസിയായ് ചെന്നിതു
ശങ്കകൂടാതെയുധിഷ്ഠിരനാംനൃപൻ
പുക്കിതുഭീമൻവലലനെന്നുള്ളപേർ
കൈക്കൊണ്ടുമന്നൻമഹാനസംതന്നിലേ

വൃത്രാരിപുത്രൻബൃഹന്നളയായിട്ടു
പൃഥ്വീശപുത്രിക്കുനൃത്തഗീതാദികൾ
ശിക്ഷയോടേപഠിപ്പിച്ചുതുടങ്ങിനാ-
നക്ഷിവിലാസങ്ങൾപൂണ്ടതരുണിയായ്
അശ്വിനീപുത്രരിൽമുമ്പൻനകുലനു-
മശ്വങ്ങൾമേല്പ്പതിന്നായൊരുമ്പെട്ടിതു
പശ്വാളിമേല്പ്പാനാസ്ഥന്നുസഹദേവൻ
വിശ്വൈകവിദ്വാൻവിരോധികൾക്കന്തകൻ
യാജ്ഞസേനിക്കുസൈരന്ധ്രിയാംപേരോടെ
രാജ്ഞിയായുള്ള സുദേഷ്ണതൻദാസിയായ്
വൃത്തിയുംരക്ഷിച്ചവിടെയിരിക്കുന്നാ-
ളെത്രയുംവിക്രമമുള്ളവൃകോദരൻ
ശക്തനായുള്ളോരുമല്ലനേയുംകൊന്നാൻ
പത്തുമാസംകഴിഞ്ഞുപിന്നെയക്കാലം.

കീചകവധം.

നല്ലസുദേഷ്ണതൻഭ്രാതാവുകീചകൻ
മല്ലാക്ഷിയാകിയസൈരന്ധ്രിയെക്കണ്ടു
മല്ലബാണങ്ങളേററല്ലൽപൊറാഞ്ഞവൻ
ചൊല്ലിനാനെത്രയുംനല്ലമധുരമായ്
വല്ലാതിവിടെവന്നെല്ലാവരുമൊക്ക-
ച്ചൊല്ലുന്നവേലകളെല്ലാമൊരുക്കിനീ
അല്ലലായ്പ്പാഴ്വാനില്ലൊരുകാരണം
ഫുല്ലാംബുജപ്രൌഢിവെല്ലുംലസന്മുഖി!
മല്ലബാണൻതന്റെവില്ലിനെപ്പോർചെയ്തു
വെല്ലുന്നനിന്നുടെചില്ലിക്കൊടിയിണ-

തെല്ലുകൊണ്ടെന്നെനീതല്ലുന്നതല്ലകാം
കൊല്ലുവാൻതന്നെയെന്നല്ലയല്ലീയെടോ!
ചൊല്ലുവൻഞാനിനിനില്ലുനീമമ-
വല്ലഭയാകേണമില്ലൊരുസംശയം
കല്യത്‌കോലുന്നകല്യാണശീലവും
പല്ലവംപോലെപതുത്തൊരുമേനിയും
മല്ലമിഴിയിണതെല്ലിൻവിലാസവും
മല്ലീശരാക്ഷമാംഫാലാധിവാസവും
ചന്ദ്രികപോലെലസന്മൃദുഹാസവും
ചന്ദ്രബിംബാഭിരാമാനനാംഭോജവും
പങ്കജകോരകംപമ്പരംപന്തുചെ-
ങ്കുങ്കുമാലംകൃതകുംഭികുംഭദ്വയം
ശുംഭൽസുവർണ്ണോരുകുംഭമെന്നിത്തരം
കമ്പിട്ടുകൊങ്കയുംരോമാളിഭംഗിയും
കൊണ്ടാടിമാരൻകുണുങ്ങുംനടകളും
കണ്ടാൽതരിപ്പെട്ടുന്നൊരുതുടകളും
കണ്ടുകണ്ടെത്രനാളുണ്ടുഞാനിങ്ങിനെ
വണ്ടാർത്തഴക്കുഴലാളേ! പൊറുക്കുന്നു
ഇന്നിമേലിൽപ്പൊറുക്കേണമെന്നാകിലോ
നിന്നാണഞാൻമരിച്ചീടുംപൊളിയല്ല
നൽകുകചോരിവാപുൽകുകപോർമുല
നൽകുവൻഞാൻതവവേണുന്നതെല്ലാമേ
ഇത്ഥംപലതരവുംപറഞ്ഞിട്ടവൾ-
ചിത്തമിളകാഞ്ഞുദുഃഖിച്ചുകീചകൻ
തന്നുള്ളിലുള്ളഴലുള്ളവണ്ണംതന്നെ
ചൊന്നാനടപ്പിറന്നുള്ളവൾതന്നോടും

കാമംമുഴുത്തുതന്നെത്താൻമറന്നുള്ള
കാമുകന്മാർതൊഴിലിങ്ങിനെയെന്നില്ല
ഇന്നേരമെത്തന്നുമിന്നവരോടെന്നു-
മിന്നവണ്ണംവേണമെന്നുമില്ലേതുമേ
നിന്നുടെദാസിയായുള്ളോരിവൾതന്നെ-
യെന്നോടുകൂടിയയയ്ക്കേണനിന്നീ
ഭ്രാതാവുതന്നുടെസങ്കടംകണ്ടവൾ
ചേതോഹരാംഗിയാംകൃഷ്ണയോടോതിനാൾ
ഖേദംവരികയില്ലേതുംനിനക്കെടോ
കാദംബരിയുംകറികളുംവൈകാതെ
കീചകൻതന്നോടുവാങ്ങിനീകൊണ്ടുവാ
മേചകകാന്തികലന്നമനോഹരേ!
മൌനാനുവാദമോടങ്ങിനെപോയവൾ
താനേവരുന്നതുകണ്ടിട്ടുകീചകൻ
നേത്രസുഖത്തോടെടുത്തിതുമൈരേയ-
പാത്രവുമിട്ടുംകളഞ്ഞവളോടിനാൾ
ആടലോടേയവൻകൂടയങ്ങോടിനാൻ
പേടിയോടേസഭയിങ്കൽവീണാളവൾ
അല്ലിത്താർകുന്തൽചുററിപ്പിടിച്ചാനവൻ
ഒല്ലായിതെന്നുസഭയിലിരുന്നവർ
രക്ഷിപ്പതിന്നുദിനേശനയച്ചോരു
രക്ഷോവരനുംപരോക്ഷമതിദ്രുതം
ഇക്ഷുകോദണ്ഡശരക്ഷതചിത്തനാ-
യക്ഷമനാകിയകീചകനീചനെ
പ്രക്ഷേപണംചെയ്താനക്ഷണംഭൂമിയിൽ
സക്ഷതനായ്വീണുരുണ്ടാനതുനേരം

വല്ലാതെനിന്നുജള്ളനായിളിച്ചവൻ
മെല്ലവേപോയൊരുകോണിലകമ്പുക്കാൻ.
അന്നുരാവംബുജലോചനമാരുതി
തന്നുടെമാറത്തുവീണുകേണീടിനാൾ
കണ്ണുനീരുംതുടച്ചുണ്ണീ! പൊറുക്കൊരു-
വണ്ണമൊരുമാസമിന്നുമെന്നാനവൻ
മാസമോപിന്നെയല്ലോയിനിക്കിങ്ങൊരു
വാസരമല്ലൊരുനാഴികയുംപൊറാ
കീചകനെക്കൊന്നുസങ്കടംതീർക്കുനീ
നീചനെക്കൊണ്ടുപൊറുതിയില്ലേതുമേ
എന്നവൾചൊന്നതുകേട്ടൊരുമാരുതി
കൊന്നവൻതന്നെ: ഞാൻനിന്നിടർപോക്കുവൻ
നൃത്തരംഗത്തുകുറിക്കനീമന്മഥ-
ക്ലത്തിനുപാതിരനേരമെന്നാനവൻ
മാരമാൽപൂണ്ടൊരുകീചകൻതന്നോടു
മാരുതിചൊന്നപോലെയവൾചൊല്ലിനാൾ
നാരിമാർഞങ്ങൾസ്വധർമ്മമറികെടോ
മാരവശഗമാരാകയാലന്വഹം
നാനാജനങ്ങളുമൊന്നിച്ചുപേക്ഷിച്ചു-
ലൂനമില്ലാതവണ്ണമിണങ്ങീടണം
ഉണ്ടുമേപഞ്ചഗന്ധർവ്വർതൻപീഡിതം
കണ്ടീടുമായവരോരോദിനംപ്രതി
ഒട്ടുനാളേക്കുകണ്ടീലെന്നതുംവരും
പട്ടാങ്ങഞാൻപറഞ്ഞീലയെന്നില്ലെടോ
പയ്യവേനൃത്തരംഗത്തെന്നുതങ്ങളിൽ
കയ്യുംപിടിച്ചുതെളിഞ്ഞുമനസ്സൊത്തു

സൈരന്ധ്രിചൊന്നതുകേട്ടുതെളിഞ്ഞുള്ളിൽ
സ്വൈരംതനിക്കുവരുമെന്നുറച്ചവൻ
ക്ഷൌരംകഴിച്ചുതൈലാഭ്യംഗവുംചെയ്തു
മൈരേയമായുള്ളമദ്യവുംസേവിച്ചു
പല്ലുതേച്ചാമോദതാംബൂലവുംതിന്നു
നല്ലമാല്യങ്ങൾകുസുമങ്ങളുംചൂടി
ദിവ്യാംബരാഭരണാംലേപനാദികൾ
സർവ്വാംഗമെല്ലാമലംകരിച്ചാനവൻ
ഉത്തമയായുള്ളപാഞ്ചാലിചൊല്ലിയ
മെത്തമേൽചെന്നുകിടന്നിതുഭീമനും
ചിത്തകൌതൂഹലംകൈക്കൊണ്ടുകീചകൻ
മത്തനായ്കൂത്തരങ്ങത്തുപുക്കീടിനാൻ
ചിത്തജന്മാവുതന്നസ്ത്രങ്ങളേല്ക്കയാൽ
പുത്തൻകുളുർമ്മുലതെത്താത്തുപുല്കീടിനാൻ
തങ്ങളിൽതിങ്ങിവിങ്ങിക്കനെംപൊങ്ങിന്നി-
ന്നെങ്ങിനെകണ്ടകുളുർമുലക്കോരകം
വിസ്താരമാണ്ടുനിരക്കെപ്പുത്തപര--
ക്കുത്തുന്നരോമങ്ങളുൾക്കൊണ്ടുകാണായി
രോമലതാമൂലമായതെവിടമാ—
രോമലായുള്ളോരുദാസിയല്ലോയിവൾ
എങ്കിലതുമൊരുകൌതുകമെന്നോർത്തു
പങ്കജബാണമാൽകൊണ്ടുപൊറാഞ്ഞവൻ
നന്നായ്മുറുകമുറുകത്തഴുകിനാൻ
മുൻനടന്നീടിനാൻഭീമനുമന്നേരം
എത്തിമുറുകമുറുകപ്പുണർന്നവ-
നാസ്ഥിനുറുക്കിഞെരിച്ചിതുപിന്നെയും

ചിത്തഭ്രമത്തോടുപത്തുനൂറായിരം
കുത്തിനാൻമുഷ്ടിചുരുട്ടിത്തെരുതെരെ
പ്രേമമില്ലെന്നവരുമെന്നുശങ്കിച്ചു
ഭീമൻനഖങ്ങളുമേല്പിച്ചിതാദരാൽ
അയ്യോമതിമതിയയ്യോമതിപോരും
മയ്യൽമിഴിയാളെകയ്യയച്ചീടെടോ!
നീയല്ലയോന്നിതുനീയല്ലയോബാലേ
പൊയ്യേപറഞ്ഞുചതിക്കയോചെയ്തതും
മെയ്യെന്നുകല്പിച്ചുവന്നുപുണർന്നഞാൻ
മെയ്യല്ലനല്ലകരിങ്കല്ലനിർണ്ണയം
പത്തുനൂറിത്ഥംപറഞ്ഞുകരഞ്ഞവൻ
ചത്താൻമിഴികൾതുറിച്ചുവിധിബലാൽ
വാതാത്മജനായഭീമനുംപോയിത-
ങ്ങേതുമറിഞ്ഞീലതാനെന്നുഭാവിച്ചു
ചത്തോരുകീചകൻതന്നുടെതമ്പിമാർ
പത്തിൽപെരുക്കിയപത്തുമൊരഞ്ചുമു-
ണ്ടത്തൽപൂണ്ടെത്തിപ്പിടിച്ചവർകൃഷ്ണയെ-
ച്ചത്തശവത്തൊടുവെച്ചുകെട്ടീടിനാർ
ക്കൂടെയവളെയുംചുട്ടുകളവാനായ്
കൂടലർകാലനാംഭീമനതുകണ്ടു
ഗന്ധർവ്വന്മാർബലാൽകൊന്നതിനെന്തൊരു
ബന്ധമിവളെയുപദ്രവിപ്പാൻനിങ്ങൾ
വൃദ്ധബാലാംഗനാഗോദ്വിജാദ്യങ്ങളെ-
ബ്ബദ്ധരോഷാൽവിരോധിക്കുന്നദുഷ്ടരെ
മൃത്യുപുരത്തിന്നയയ്ക്കണംവൈകാതെ
പൃത്ഥ്വീപതികളെന്നല്ലോവിധിമതം

ആശ്രയമില്ലാതനാരിയെക്കൊണ്ടുപോം-
യാശ്രയാശങ്കലാകുന്നതുയോഗ്യമോ
ആശ്രിതരക്ഷണംധർമ്മംനൃപതികൾ-
ക്കാശ്രിതയല്ലോവിശേഷാലിവൾതാനും
ആയുധപാണിയല്ലെന്നങ്ങിരിക്കിലും
ന്യായമല്ലാതകർമ്മങ്ങൾകാട്ടുംവിധൌ
നോക്കിയിരിക്കാമോരാജഭടന്മാർക്കു
യോഗ്യമല്ലേതുമതെന്നുപറഞ്ഞുടൻ
കാററഞ്ചുംവേഗമോടേചെന്നുകോപിച്ചു
നൂററഞ്ചിനേയുമൊട്ടുക്കിനാൻവൈകാതെ
കൂററൻചുരമാന്തിനില്ക്കുന്നതുപോലെ-
യേററംചിനത്തോടുനിന്നിതുഭീമനും
ഭീമനെക്കണ്ടുപേടിച്ചുജനങ്ങളും
കാമനെത്തന്നെയുംപേടിയുണ്ടാക്കുന്ന
ശ്യാമളയാകിയ സൈരന്ധ്രിതന്നേയും
കോമളയാകിലുമന്നുതൊട്ടാരുമേ
നാട്ടാർമുഖത്തുനോക്കാതെചമഞ്ഞിതു
കൂട്ടമേകൊല്ലിക്കുമെന്നഭയത്തിനാൽ.

ഗോഗ്രഹണം

വാട്ടമകന്ന സുയോധനനക്കാലം
കൂട്ടവുംകൂടിത്തുടങ്ങിനിരൂപണം
നാട്ടിലെങ്ങാനുമിപ്പാണ്ഡവരുണ്ടെങ്കി-
ലൊട്ടാളരൊക്കെ നടന്നുതിരയേണം
ധാർഷ്ട്യമേറീടുന്ന ധർമ്മജന്മാദിയെ-
ക്കാട്ടിലാക്കാമിന്നും കണ്ടുകിട്ടീടുകിൽ

രാജ്യങ്ങൾതോറുമതുകേട്ടു ദൂതന്മാർ
പാച്ചിൽതുടങ്ങിനാർകണ്ടുകൊണ്ടീടുവാൻ
എങ്ങുമേകാണാഞ്ഞു ചെന്നവർചൊല്ലിനാർ
ഞങ്ങളേതുംകണ്ടതില്ലെങ്ങുമേ മന്നവ!
ധാർത്തരാഷ്ട്രൻപറഞ്ഞാനവരോടപ്പോൾ
പാർത്ഥന്മാരുള്ളിടം ഞാൻ പറയാമെങ്കിൽ
ഭോഷന്മാരേ നിങ്ങൾ മത്സ്യരാജ്യത്തിങ്കൽ
ഘോഷമുണ്ടായവയൊന്നുമേ കേട്ടീലേ
കേട്ടിട്ടു ഞങ്ങൾ തിരഞ്ഞിതു ഗന്ധർവ്വ-
ശ്രേഷ്ഠന്മാരത്രേയതായതുമന്നവ!
അപ്പോഴുരചെയ്തു ഭീഷ്മരുമീവണ്ണ-
മൊപ്പുവിലുണ്ടൊന്നിനിക്കുതോന്നുന്നിതു
ചത്തതു കീചകനെങ്കിലോ മാരുത-
പുത്രനത്രേ കൊല ചെയ്തതുനിർണ്ണയം
യുക്തിയുംചേരുമതിന്നുനിരൂപിക്കി-
ലുത്തമയായുള്ള പാഞ്ചാലികാരണം
ഇത്ഥം ധൃതരാഷ്ട്രപുത്രനോടു ഗംഗാ-
ദത്തൻപറഞ്ഞതു കേട്ടവനും ചൊന്നാൻ
എങ്കിലോ മത്സ്യരാജാവിൻപശുക്കളെ-
ശ്ശങ്കകൂടാതാട്ടിക്കൊണ്ടുനാം പോരണം
കണ്ടങ്ങടങ്ങിയിരിക്കയില്ലട്ടിക്കി-
ലുണ്ടെങ്കിലർജ്ജുനനാദികളെന്നുമേ
മുൻപിലേപോക പടയും ത്രിഗർത്തനും
വൻപോട്ടു ഞങ്ങൾ വഴിയേവരുംതാനും
ഇങ്ങിനെ കല്പിച്ചനേരം ത്രിഗർത്തനും
മങ്ങാത വൻപടയുംകൂടിയപ്പോഴേ

ചെന്നു വിരാടപുരിപുക്കു ഗോക്കളെ-
യൊന്നൊഴിയാതെ തെളിച്ചവർപോകുമ്പോൾ
സന്നാഹമോടുകൊണ്ടു പിന്നാലെ മാത്സ്യനും
ചെന്നു കലഹംതുടങ്ങിയനേരത്തു
മന്നവൻ തന്നെപ്പിടിച്ചുകെട്ടീടിനാ-
നന്നതന്നാകും ത്രിഗർത്തൻ മഹാരഥൻ
പല്ലുംകടിച്ചുനിന്നീടുന്ന ഭീമനെ-
ച്ചെല്ലുകെന്നൻപോടു ചൊല്ലിയുധിഷ്ഠിരൻ
കണ്ടിരുന്നീടുകയില്ലെന്നു കല്പിച്ചു
മണ്ടിയണഞ്ഞു വൃകോദരനന്നേരം
ശക്തിമാനായ സുശർമ്മാവിനെ വെന്നു
വൃദ്ധനാം മാത്സ്യനെ വീണ്ടുകൊണ്ടീടിനാൻ
അപ്പോഴണഞ്ഞു കുരുപ്രവരന്മാരും
കെല്പോടു ഗോക്കളെക്കൊണ്ടുപോയീടിനാർ
പററലരായ സുയോധനനാദികൾ
മറെറപ്പുറമേയടുത്തു പശുക്കളെ
തെററെന്നുകൊണ്ടങ്ങു പോകുന്നനേരത്തു
ചെററുപൊരുത്തു തോററാർപശുപാലരും
യുദ്ധകോലാഹലമുണ്ടായ് ചമഞ്ഞതും
ശത്രുക്കൾ ഗോക്കളെക്കൊണ്ടങ്ങുപോയതും
മത്സ്യമഹീപതിപുത്രനാമ്മേവിനോ-
ടുത്തരനോടു ഗോപാലകൻചൊല്ലിനാൻ
ക്രുദ്ധനായുത്തരൻതാനുമുരചെയ്താ-
നെത്തിയെതിർത്തു ഞാൻ വീണ്ടുകൊണ്ടീടുവൻ
വൃത്രാരിപുത്രനാമർജ്ജുനൻതാൻതന്നെ
യുദ്ധത്തിനായ്വരുന്നാകിലവനേയും

ചൊല്ലുന്നതുണ്ടു ഞാനില്ലൊരുകില്ലിനി-
ക്കില്ലൊരു സൂതനത്രേ കുറവിപ്പോൾ
മത്തനായുത്തരനിത്തരം ചൊന്നതു
മത്തേഭഗാമിനി പാഞ്ചാലി കേട്ടിട്ടു
ചിത്തത്തിലീർഷ്യ പൊറാഞ്ഞവൾ ചൊല്ലിനാൾ
ഉത്താവായോരു ബൃഹന്നളയോടെല്ലാം
പാർത്ഥനതുകേട്ടു പാഞ്ചാലി തന്നോടു
വാസ്തവമായോരു വാർത്തയുരചെയ്തു
തേർതെളിച്ചീടുവാനാളു ഞാനുണ്ടൊരു
സൂതനില്ലാഞ്ഞുഴലായ്കെന്നു ചൊല്ലുനീ
അപ്രകാരം പറഞ്ഞീടിനാൾ കൃഷ്ണയു-
മപ്പൊഴുത്തുത്തരന്താനുമുരചെയ്തു
ആരതു ചെന്നു പറഞ്ഞു കേൾപ്പിപ്പതും
പാരാതെ ഗോക്കളെ വീണ്ടുകൊണ്ടീടുവൻ
ഉത്തര ചൊന്നതു കേൾക്കമതിനട-
നുത്തരയോടു ചൊല്ലുന്നിതു കൃഷ്ണയും
ഉത്തരനുത്തരയോടു പറഞ്ഞപ്പോ-
ളുത്തരചൊൽകേട്ടു വൃത്താരിപുത്രനും
പാരം മെലിഞ്ഞ കുതിരകളെപ്പൂട്ടി
തേരും ചമച്ചിതു പോരിനു വൈകാതെ
സത്വരമുത്തരൻ തേരില്ക്കരേറിനാൻ
വൃത്താരിപുത്രനും തേർതെളിച്ചീടിനാൻ
യുദ്ധത്തിനുത്തരൻ ക്രുദ്ധനായ്പോകുമ്പോൾ
മുഗ്ദ്ധാക്ഷിമാരുമവനോടു ചൊല്ലിനാർ
ശത്രുഭൂപാലരെക്കൊന്നിങ്ങു പോരുമ്പോൾ
വസ്ത്രങ്ങൾ നല്ലവ ഞങ്ങൾക്കു നല്കേണം

അങ്ങിനെതന്നെയൊരന്തരമില്ലെന്നു-
തംഗനമാരോടു ചൊല്ലിയുഴറ്റോടെ
പുക്കിതുചെന്നു കുരുക്ഷേത്രമന്നേരം-
മുൾക്കാമ്പിലുണ്ടായ പേടിയോടുത്തരൻ
വന്നവഴിയേ നടക്കരിപുക്കളെ
വെന്നുകൂടാ നമുക്കെന്നുമേ നിർണ്ണയം
ദ്രോണരും ഭീഷ്മരും ധാർത്തരാഷ്ട്രന്മാരും
ദ്രൌണിയും കർണ്ണനുമായോധനത്തിങ്കൽ
പ്രാണഭയമില്ലയാതവരോടിന്നു
ഞാനൊരു ബാലകനേല്ക്കുന്നതെങ്ങിനെ
എന്നതുകേട്ടൊരു പാർത്ഥനുമന്നേരം
പിന്നെയും തേരതിമുന്നോക്കമോടിച്ചാൻ
ഓടിക്കപിന്നോക്കമെന്നുടനുത്തരൻ
ഓടിച്ചാൻ മുന്നോക്കമർജ്ജുനൻപിന്നെയും
പേടിച്ചതീവ വിറച്ചാനതുകണ്ടു
പേടിക്കൊലായെന്നു ചൊന്നാൻ കിരീടിയും
ഓടിച്ച തേരിൽനിന്നുത്തരനന്നേരം
ചാടിക്കളഞ്ഞു നിലത്തു വീണീടിനാൻ
കൂടക്കതകൊണ്ടു ചാടിപ്പിടിച്ചവൻ
തേടുന്നപേടികണ്ടന്നേരമർജ്ജുനൻ
പെട്ടന്നു കാലുംകരങ്ങളുമൊപ്പിച്ചു
കെട്ടിയിട്ടീടിനാൻ തേരിൽ മഹാരഥൻ
വിത്രസ്തചിത്തനായുത്തരനന്നേരം
വൃത്രാരിപുത്രനോടിത്തരം ചൊല്ലിനാൻ
നാടും നഗരവുമൊക്കത്തരുവൻ ഞാ-
നോടുന്ന തേർതിരിച്ചോടിക്ക വൈകാതെ

നീയെന്തിവണ്ണം തുടങ്ങുന്നതെന്നോടി-
ന്നയ്യോയിനിക്കെൻറയമ്മയെക്കാണണം !!!
എന്നതുകേട്ടു ചിരിച്ചു കിരീടിയും
ചെന്നുശമീവൃക്ഷം വന്ദിച്ചു വേഗത്തിൽ
ഏറിയെടുത്തിതു ചാപശരാദികൾ
കൂറിനാനുത്തരൻതാനതു കണ്ടപ്പോൾ
ആയുധമാൎക്കിവയുള്ളു ബൃഹന്നളേ
മായമൊഴിഞ്ഞു നീ യെന്നോടു ചൊല്ലേണം
ചൊല്ലാം പരമാൎത്ഥമെങ്കിലിവയെല്ലാം
ചൊല്ലുള്ള പാണ്ഡവൎക്കുള്ളു ധരിക്ക നീ
പാണ്ഡവന്മാരെവിടുത്തു ബൃഹന്നളേ
വേണ്ട പൊളിപറകെന്നതെന്നോടെടോ
എങ്കിലോ കേൾക്ക ഞാനൎജ്ജുനനായതും
കങ്കനാകുന്നതു ധൎമ്മജന്മാവെടോ
ആക്കമേറീടും വലലൻ വൃകോദരൻ
ചൊല്ലുള്ളോളാകിയ സൈരന്ധ്രിപാഞ്ചാലി
മേയ്ക്കുന്നതു നകുലൻ തുരഗങ്ങളെ-
ഗ്ഗോക്കളെ മേയ്ക്കുന്നതു സഹദേവനും
എങ്കിൽനിൻ പത്തുപേരുംപറഞ്ഞീടു നീ
ശങ്കപോവാനിനിക്കെന്നിതുമാത്സ്യനും
ദോഷമില്ല ചൊല്ലുവനെങ്കിൽഞാൻനിന്നോടു
കേൾക്ക നീ യെന്നുടെ പത്തുനാമങ്ങളും
അൎജ്ജുനൻഫൽഗുനൻപാൎത്ഥൻവിജയനും
വിശ്രുതമായപേർപിന്നെക്കിരീടിയും
ശ്വേതാശ്വനെന്നുംധനഞ്ജയൻവിഷ്ണുവും
ഭീതിഹരംസവ്യസാചിബീഭത്സുവും

പത്തുനാമങ്ങളുംഭക്ത്യാജപിക്കിലോ
നിത്യഭയങ്ങളകന്നുപോംനിശ്ചയം
പേടികളഞ്ഞുരഥംനീനടത്തുകിൽ
പാടേപശുക്കളെവീണ്ടുതരുവൻഞാൻ
മന്നവനിന്നോടുതുല്യനെന്നെന്നേഞാൻ
മുന്നമേചൊന്നതറിഞ്ഞുപൊറുക്കണം
ഇന്ദ്രനുമാതലിതേർനടത്തുംവണ്ണ-
മിന്ദ്രതനൂജനടത്തുന്നതുണ്ടുഞാൻ
എന്നതുകേട്ടവൻവില്ലുംകുലയേററി
പ്പിന്നെഹനുമാനെയുംകരുതീടിനാൻ
വന്നുകൊടിമരമേറിഹനുമാനു-
മൊന്നങ്ങലറീകലങ്ങിജ്ജഗത്ത്രയം
ദേവദത്തമായശംഖമെടുത്തിട്ടു
ദേവരാജാത്മജനുംവിളിച്ചീടിനാൻ
പിന്നെച്ചെറുഞാണൊലിയിട്ടുടനുടൻ
മന്നവൻസിംഹനാദങ്ങൾചെയ്തീടിനാൻ
തേരുരുളൊച്ചയുംസിംഹനാദങ്ങളും
പാരംമുഴങ്ങുന്നശംഖധ്വനികളും
വീരന്മാരഞ്ചുംചെറുഞാണൊലികളും
മാരുതീതന്നുടെഹുങ്കാരനാദവും
ഘോരഘോരംകേട്ടുഭീതിപൂണ്ടുത്തരൻ
പാരംവിറച്ചാനരയാലിലപോലെ
തേരിൽവീണാൻമുറയിട്ടാൻതെരുതെരെ-
പ്പാരാതെഴുനീല്ക്കയെന്നുവിജയനും
ഹുംകാരമേറുംചെറുഞാണൊലികളും
ശംഖനാദങ്ങളുംസിംഹനാദങ്ങളും

പിന്നെയുംപിന്നെയുംചെയ്താൻതെരുതെരെ
മന്നവനുത്തരൻഭീതികളവാനായ്
പാർത്ഥനീവണ്ണംനടന്നോരുനേരത്തു
ധാത്രീകുലുങ്ങീകലങ്ങീസമുദ്രങ്ങൾ
ഘോഷങ്ങൾകേട്ടുഭരദ്വാജനന്ദനൻ
ഭോഷനാംനാഗധ്വജനോടു ചൊല്ലിനാൻ
പാർത്ഥൻവരവിതുകേൾക്കായതുമെടോ
പാർത്ഥിവനന്ദനതോല്ക്കുംനാമെല്ലാരും
ദുശ്ശകുനങ്ങൾപലതുണ്ടുകാണുന്നു
നിശ്ശേഷനാശംഭവിക്കുംപടയ്ക്കിപ്പോൾ
നാഗധ്വജനതുകേട്ടാശുകോപിച്ചു
ഭാഗീരഥീസുതൻതന്നോടുചൊല്ലിനാൻ
പണ്ടുപറഞ്ഞസമയംവരുംമുൻപെ-
യുണ്ടുവരുന്നിതുപാണ്ഡവരെങ്കിലോ
രണ്ടാമതുംവനംപൂകെന്നതേവരൂ
കൊണ്ടാടിയാരുമതിനുപറയേണ്ട
ദ്രോണരുചിതംപറകയില്ലെന്നുമേ
പ്രാണനോടൊപ്പിക്കുമെന്നെയാചാര്യനാം
കേട്ടിട്ടില്ലതോഴവിശേഷങ്ങൾകണ്ണനീ
കൂട്ടമിട്ടോരോരോജനംപറയുന്നതും
വാട്ടംഭയാനുള്ളിലേതുമുണ്ടാകേണ്ട
കൂട്ടഞാനുണ്ടെന്നറിഞ്ഞതില്ലേയിപ്പോൾ
വെണ്മഴുവേന്തിയരാമൻവരികിലു-
മെന്മുന്നിൽനില്ക്കയില്ലെന്നുധരിക്കണം
ഇന്ദ്രാദിദേവകളൊത്തുവരികിലും
മന്ദതയില്ലജയിക്കുന്നതുണ്ടുഞാൻ

ഇന്ദ്രതനുജനുമിന്ദ്രാവരജനു-
മെന്നോടുതുല്യരല്ലെന്നുധരിക്കണം
എന്നിത്തരംവൻപുകർണ്ണൻപറയുമ്പോൾ
നിന്നകൃപരുംചിരിച്ചൊന്നുരചെയ്താൻ
കർണ്ണാമതിമതിപോരുംപറഞ്ഞതു
നിന്നുടെവീര്യങ്ങൾനാവിന്മേലേയുള്ളു
ജംഭാരിനന്ദനൻവൻപുകൾകേൾക്കനീ
കിംഫലമാത്മപ്രശംസകൊണ്ടോർക്കെടോ
മുൻപിൽദ്രുപദനെബന്ധിച്ചുദക്ഷിണാ-
യമ്പോടുചെയ്തതവനെന്നറികനീ
ചിത്രരഥനായഗന്ധർവ്വവീരനെ
യുദ്ധേജയിച്ചതവനല്ലയോപുരാ
ലക്ഷ്യവുംഭേദിച്ചുപാഞ്ചാലപുത്രിയാം
പുഷ്കരനേത്രയെക്കൊണ്ടങ്ങുപോയതും
കാമപാലാദിയദുക്കളേയുംവെന്നു
കാമിനിയായസുഭദ്രയെവേട്ടതും
ഖാണ്ഡവകാനനദാഹംകഴിച്ചതും
ഗാണ്ഡീവമഗ്നിയോടന്നുലഭിച്ചതും
അന്തകവൈരിയോടസ്ത്രംപറിച്ചതു
മിന്ദ്രാജ്ഞയാപിന്നെവേഗേനപോയവൻ
വാനലോകംപുക്കസുരരെക്കൊന്നതും
താനേപോയുത്തരദിക്കുജയിച്ചതും
മററുംപലപലവിക്രമമോർക്കുമ്പോൾ
മുററുംപറകയൊഴിഞ്ഞുനിനക്കാമോ
ഇത്തരംചൊന്നതുകേട്ടിട്ടുകർണ്ണനു
മുത്തരംചൊന്നാൻകൃപാചാര്യനോടപ്പോൾ

പേയായവാക്കുകൾ പേടിച്ചുചൊല്ലായ്ക
പോരയോരാമന്ത്രണമുങ്കെമടിയാതെ
യാഗാദികൎമ്മങ്ങൾ ചെയ്യതല്ലായ്കിലോ
പോകവിരവോടുഭിക്ഷയേററീടുവാൻ
ദുൎഭാഷണംകൎണ്ണനിത്ഥംപറഞ്ഞപ്പോൾ
വിപ്രാത്മജനശ്വത്ഥാമാവുകോപിച്ചു
ഗാംഗാസുതനുകണ്ടവൎത്തമ്മോടു
നിങ്ങളിൽകോപിയായ്കെന്നുചൊല്ലീടിനാൻ
പിന്നെയുംചൊന്നാൻപതിമൂന്നുവത്സരം
കൎണ്ണകഴിഞ്ഞതുപാൎത്ഥീലയോനീയും
അന്നേരംകോപിച്ചുചൊന്നാൻസുയോധന-
നെന്നുടെരാജ്യംകൊടുക്കയില്ലെന്നുമേ
പോരിനൊരുമിച്ചുപാൎത്ഥൻവരുന്നാകിൽ
ഘോരമായിങ്ങുപടക്കോപ്പുകൂട്ടുക
വ്യൂഹംചമച്ചുറപ്പിച്ചിതുഭീഷ്മരും
വാഹിനീവാരിധിപൂരങ്ങളെപ്പോലെ
അംബരചാരികൾവന്നുനിറഞ്ഞിതു
തുംബുരുനാരദനാദികളുംവന്നു
മത്സ്യരാജാത്മജനുത്തരൻപേടിതീ-
ൎന്നുത്സാഹമുൾക്കൊണ്ടുതേരുംനടത്തിനാൻ
പാൎത്ഥൻഗുരുഭൂതന്മാരെയുംവന്ദിച്ചു
കൂൎത്തശരനിരതൂകിത്തുടങ്ങിനാൻ
ശംഖധ്വനിയുംചെറുഞാണൊലികളും
ഹുങ്കാരവുംകേട്ടുകൌരവരന്നേരം

ശങ്കിച്ചുകണ്ണിതുരംഗാക്കളേയുംവിട്ടു
ശങ്കാരഹിതമടുത്താൻകിരീടിയും
പാർത്ഥനമുത്തമൻതന്നോടുചൊല്ലിനാൻ
പേർത്തുംകൊടിയടയാളങ്ങളോരോന്നേ
ശോണഹയരഥംതന്നിൽവിളങ്ങീടും
ദ്രോണരുടെകേതുതന്മേലടയാളം
കാണെടോപൊന്മയവേദിതസന്നിധൌ
കർണ്ണായതശ്വത്ഥാമാവുമഹാരഥൻ
ദ്രോണാത്മജൻസിംഹലാംഗൂലകേതുമാൻ
ബാണധനുർദ്ധരന്മാരിലഗ്രേസരൻ
ക്ഷോണിയുമാദിത്യചന്ദ്രന്മാരുള്ളനാൾ
പ്രാണവിനാശമവനില്ലറികനീ
അഗ്രേവൃഷദ്ധ്വജംപൂണ്ടുകാണായവ-
നുഗ്രൻവൃഷദ്ധ്വജതുല്യൻധനുർദ്ധരൻ
അഗ്ര്യകുലോത്ഭവന്മാരിലിന്നുഴിമേ-
ലഗ്രഗണ്യൻകൃപാചാര്യരറികനീ
ഇല്ലശാരദ്വതനംമൃതിഭാഗ്യവ-
തുല്യനെന്നല്ലാംകൊണ്ടുമില്ലൊരുസംശയം
സ്വർണ്ണകംബുരാജകക്ഷ്യാപരിഷ്കൃത-
മുന്നതമാംധ്വജംശോഭിച്ചുകണ്ടതു്
കർണ്ണനുടെരഥമായതറികനീ
മിന്നൽക്കൊടിപോലെപ്പരേപ്രകാശിതം
മന്നവനായസുയോധനൻകേതുവിൻ
ചിഹ്നമായ് നല്ലമണിമയമാകിയ
പന്നഗംകണ്ടിതോമത്സ്യരാജാത്മജ
സ്വർന്നദീപുത്രനാംഭീഷ്മരങ്ങേതെടോ

ശ്വേതാവദാതനപഞ്ചതാലേനതൽ
കേതുനാവൈഡൂൎയ്യദണ്ഡേനശോഭിതം
വൃത്രാരിപുത്രനിത്ഥംപറഞ്ഞോരുവാ-
ക്കുത്തരൻകേട്ടുതെളിഞ്ഞോരനന്തരം
ഞാനോജയിക്കുന്നതുണ്ടെന്നുകൎണ്ണനും
മാനിച്ചുചൊന്നതുകേട്ടശ്വത്ഥാമാവും
വായ്യുടയോട്ടുകുറയ്ക്കെടോകൎണ്ണനീ
വാൎയ്യാട്ടുപാൎത്ഥൻവരുന്നതുകാണെങ്കിൽ
കൎണ്ണനുംപാൎത്ഥനുംതമ്മിലെതിൎത്തപ്പോൾ
കൎണ്ണൻപടയെല്ലാമോടിത്തിരിച്ചുതേ
അമ്പുകൊള്ളാതവരില്ലാകുരുക്കളിൽ
വമ്പനാംകൎണ്ണനുമോടിത്തുടങ്ങിനാൻ
അന്നേരംദ്രോണരെതിൎത്തുകിരീടിയോ-
ടന്നേരമുണ്ടായയുദ്ധംഭയങ്കരം
ദ്രോണർതിരിച്ചുനടന്നിതതുനേരം
ദ്രോണാത്മജനശ്വത്ഥാമാവുനേരിട്ടാൻ
ദ്രോണരേക്കാൾവലുതല്ലെന്നുജിഷ്ണുവും
ബാണഗണംവരിഷിച്ചാനതുകണ്ടു
നാണിച്ചുവാങ്ങിനാനശ്വത്ഥാമാവുതാൻ
മാനിച്ചുട്ടത്തിതുപിന്നെയുമൎജ്ജുനൻ
അപ്പോൾകൃപരെതിരെത്തയ്യുതെരുതെരെ-
ക്കെൽപുള്ളവില്ലെയ്തുപൊട്ടിച്ചിതൎജ്ജുനൻ
നോക്കിയനോക്കിയദിക്കിലെല്ലാടവു-
മാക്കമോടൎജ്ജുനന്മാരെന്നുകൌരവർ
ഓടിത്തുടങ്ങിനാർപാൎത്ഥശരങ്ങളും
കൂടത്തുടരത്തുടരെയടുക്കുന്നു

ദുശ്ശാസനാദിശകന്നിയുംതോററിതു
ദുഷ്കന്നങ്ങൾപലതരംകാണായി
ഗംഗാതനയനുംകുന്തീതനയനും
തങ്ങളിലുണ്ടായശസ്ത്രപ്രയോഗങ്ങൾ
ഇങ്ങിനെയെന്നുപറഞ്ഞുകൂടായിന്നി-
ക്കിങ്ങിനെയുണ്ടായയുദ്ധകോലാഹലം
കണ്ടവരൊക്കപ്പുശംസിച്ചുനില്ക്കുമ്പോൾ
കണ്ടിതുഭീഷ്മരൊഴിക്കുന്നതുമെല്ലെ
ആർത്തണഞ്ഞാൻദുരിയോധനൻപാർത്ഥനും
കൂർത്തശരമെയ്തുകുവീടുമണ്ടിച്ചാൻ
നിശ്വാസമുൾക്കൊണ്ടൊഴിച്ചിതുകൌരവ-
രശ്വത്ഥാമാവതുനേരമുരചെയ്തു
വമ്പുപറഞ്ഞോരുകർണ്ണനെങ്ങോനിപ്പോ-
ളമ്പർകോൻപുത്രൻവരുന്നതുകണ്ടീലേ
ഇത്ഥമധിക്ഷേപവാക്കുകേട്ടംഗേശ--
നെത്രയുംകോപിച്ചുട്ടുയുദ്ധംചെയ്താൻ
വൃത്രാരിപുത്രനുംമിത്രപുത്രൻതാനു-
മസ്ത്രങ്ങളത്യർത്ഥമുഗ്രംപ്രയോഗിച്ചാർ
രണ്ടാമതുംകർണ്ണനർജ്ജുനനോടേററു
മണ്ടിപടയുമായ്കൂവീടുസത്വരം
ദ്രോണരുംദ്രൌണിയുംകർണ്ണനുംഭീഷ്മരും
മാനിയാംഗാന്ധാരജനുമനുജനും
ശാരദ്വതനുംപെരുമ്പടയുംതോററ-
നേരത്തുപിന്നെയുംവേഗേനഫല്ഗുനൻ
ശസ്ത്രങ്ങൾതൂകിയട്ടത്തിതുപിന്നാലെ
വിത്രസ്തരായ്മറഞ്ഞീടിനാരേവരും

ദേവദത്താഖ്യശംഖാരവഘോഷവും
ദേവരാജാത്മജജ്യാനാദിഘോഷവും
വാനരവീരഹുങ്കാരപ്രഘോഷവും
ധേനുസമൂഹപലായനഘോഷവും
കേട്ടുഭയപ്പെട്ടോരോരോവഴിക്കവെ.
ഓട്ടംതുടങ്ങിനനേരംപരവശാൽ
മോഹനാസ്ത്രംകൊണ്ടുവീണിതുഭൂമിയിൽ
മോഹിച്ചുബുദ്ധിമറന്നുകുരുബലം
സുപ്താസ്ത്രശക്ത്യാകുരുവരന്മാരെല്ലാം
സുപ്തരായ്‌വീണുകിരീടിയുമന്നേരം
ഉഷ്ണീഷവസ്ത്രാഭരണാദികളെല്ലാം
തൃഷ്ണതീർപ്പാൻപുരസ്ത്രീജനങ്ങൾക്കിദം
കൃത്സ്നംഗുരൂണാമഴിച്ചഴിച്ചീടെന്നു
കൃഷ്ണസഖിയാംജിഷ്ണുജൻജിഷ്ണുവും
ഉത്തരനോടുചൊന്നാനതുകേട്ടവൻ
വസ്ത്രങ്ങളെല്ലാമഴിച്ചുകൊണ്ടീടിനാൻ
ആത്തവിജയൻജയിച്ചുശത്രുക്കളെ-
പ്പേർത്തുംതെളിച്ചുകൊണ്ടിങ്ങുപോന്നീടിനാൻ
പാർത്ഥനീരണ്ടുശംഖങ്ങളെക്കൊണ്ടഭി-
വാദ്യവുംചെയ്തുകുരുഭൃതന്മാർക്കെല്ലാം
ഉത്തരൻതന്നോടുചൊല്ലിനാനർജ്ജുനൻ
സത്വരംനീപുരംപുക്കറിയിക്കേണം
യുദ്ധജയിച്ചുശത്രുക്കളെവീണ്ടുകൊ-
ണ്ടത്രവന്നേനഹമെന്നുരചെയ്കനീ
ഞാനപരാഹ്നേവരുവൻപുരത്തിങ്കൽ
മാനമോടേനീപിതാവിനെക്കാണ്കപോയ്

മച്ചരിത്രം പ്രകാശിപ്പിക്കരുതെന്നു-
മർജ്ജുനനുത്തരൻ തന്നോടു ചൊല്ലിനാൻ
ആയോധനേ ജയിച്ചോരു ധനഞ്ജയ-
നായുധം കൊണ്ടു വെച്ചു ശമീകോടരേ
ഉത്തരൻ കൌരവന്മാരെ ജ്ജയിച്ചിതെ-
ന്നുത്തരദൂതന്മാർ ചെന്നു ചൊല്ലീടിനാർ
മത്സ്യനും പ്രീതനായ് രാജ്യമലംകരി-
ച്ചുത്സവം ഘോഷിക്കയെന്നു നിയോഗിച്ചാൻ
അക്ഷങ്ങൾ കൊണ്ടു വരിക സൈരന്ധ്രി നീ
വെക്കണമാശു ചൂതെന്നിതു മത്സ്യനും
കങ്കനോടേവം പറഞ്ഞൊരു നേരത്തു
ശങ്കാരഹിതം പറഞ്ഞിതു ധർമ്മജൻ
ഹൃഷ്ടനായുള്ളവനോടും കിതവനാം
ദുഷ്ടനോടും കൂടി നന്നല്ല ദേവനം
എന്നു കേൾപ്പുണ്ടു ഞാനെങ്കിലുമിന്നിപ്പോൾ
മന്നവ വേണമെന്നാകിൽ ഞാനോ പോരാം
ചൂതിനു ദോഷമൊഴിഞ്ഞില്ല നിർണ്ണയം
മേദിനീപാലകാ കേട്ടതില്ലേ ഭവാൻ
സാധുവായുള്ളൊരു ധർമ്മജന്മാവിനു
ചൂതിനാലാപത്തു വന്നതു മന്നവ!
ഇത്ഥം പറഞ്ഞതു കേട്ടു വിരാടനും
ബദ്ധമോദം നാമൊരു വര വെക്കന്നാൻ
മത്സ്യരാജാവും യുധിഷ്ഠിരൻ തന്നോടു
മത്സരമുൾക്കൊണ്ടു ചൂതു പൊരുന്നേരം
വത്സനാമുത്തരൻ വന്നിതെന്നത്രയു-
മുത്സവം പൂണ്ടു വിരാടൻ പറഞ്ഞപ്പോൾ

മന്നവൻതന്നോടുമന്ദസ്മിതംചെയ്തു
ധന്യനാംധൎമ്മജൻമെല്ലവെചൊല്ലിനാൻ
ഉത്തരനല്ലജയിച്ചതുനിൎണ്ണയ-
മുത്തമയായബൃഹന്നളയാകിലാം
അന്യസ്തുതികേട്ടുകോപിച്ചുമത്സ്യനു-
മൊന്നെറിഞ്ഞാനൊരുചൂതുകൊണ്ടന്നേരം
നെററിമേൽകൊണ്ടാശുധൎമ്മജൻതൻതന്നി-
ക്കിററിററുചോരവരുന്നതുപാഞ്ചാലി
ഉത്തരീയത്തിലങ്ങേററുകൊണ്ടീടിനാൾ
മത്സ്യരാജാവിന്മരണംഭവിപ്പാനായ്
സന്യാസിതന്നുടെചോരവീഴുന്നേട-
മെന്നുംമുടിഞ്ഞുപോമെന്നുചൊല്ലിദ്രുതം
ഉത്തരൻവന്നുനമസ്കരിച്ചീടിനാ-
നുത്തമന്മാരാംഗുരുജനപാദങ്ങൾ
പാണ്ഡവന്മാരെന്നറിഞ്ഞിതെല്ലാവരും
ഗാണ്ഡീവധന്വാവുതന്നുടെശൌൎയ്യവും
ഉത്തരൻതൻറെഭഗിനിയാമ്മേവിനോ-
രുത്തരതന്നെക്കിരീടിക്കുനൽകിനാൻ
പുത്രഭാൎയ്യാൎത്ഥംപരിഗ്രഹിച്ചാനവൻ
മിത്ഥ്യാപവാദമുണ്ടാമെന്നാശങ്കയാ
എന്തെല്ലാംമുൻപേപഠിപ്പിച്ചതെന്നതോ
ചിന്തിക്കിൽമററാരുമേയറിഞ്ഞീലല്ലോ
എന്നുമഹാലോകർപിന്നെപ്പറഞ്ഞീടു-
മെന്നെയെന്നോൎത്തുഭയപ്പെട്ടുഫല്ഗുനൻ
നല്ലനേരത്തവിടുന്നുപുറപ്പെട്ടു
കല്യാണമോടുപപ്ലാവ്യനഗരത്തിൽ
ചെന്നിരുന്നാത്മബന്ധുക്കളെപ്പാണ്ഡവർ
പിന്നെവരുത്തിവിവാഹത്തിനക്കാലം

കൃഷ്ണൻതിരുവടിയാദിയായുള്ളോരു
വൃഷ്ണികളൊക്കവേവന്നാരതുകാലം
ഭദ്രയായോരുസുഭദ്രയുമാശുസൌ-
ഭദ്രനായുള്ളോരഭിമന്യുതന്നോടും
വന്നിതു പാഞ്ചാലനോടും ധൃഷ്ടദ്യുമ്ന-
നെന്നിവരൊക്കവേ വന്നോരനന്തരം
ഉത്തമസ്ത്രീകുലോത്തംസരത്നാംഗിയാ-
മുത്തരതന്നെയഭിമന്യു കൈക്കൊണ്ടാൻ
കല്യാണവും കഴിഞ്ഞെല്ലാവരും കൂടി-
യുല്ലാസമോടുപപ്ലാവ്യനഗരത്തിൽ
അല്ലൽതീർന്നജ്ഞാതവാസവും ചെയ്തു സൽ
സല്ലാപമോടു സുഖിച്ചിതു പാണ്ഡവർ
മിത്രസമ്പത്തിയുമർത്ഥസമ്പത്തിയും
പുത്രസമ്പത്തിയുമസ്ത്രസമ്പത്തിയും
വർദ്ധിച്ചുവർദ്ധിച്ചനുദിവസം ധർമ്മ-
പുത്രാദിയായുള്ള പാണ്ഡുതനയന്മാർ
അർത്ഥിക്കവേണം സമയേനഭാഗമാ-
മർദ്ധരാജ്യം ധൃതരാഷ്ട്രജനോടു നാം
എന്നാൽ നമുക്കു തരികയുമില്ലവൻ
പിന്നെ പ്രവൃത്തിയെന്തെന്നു ചിന്തിക്കേണം
ആപത്തിനാസ്പദമായതവിവേക-
മേവർക്കുമെന്നാലിനിനാമിതുകാലം
ആവോളമുള്ളിൽ വിചാരിക്കയും വേണം
ശ്രീവാസുദേവൻ തിരുവടിതന്നോടും
ഗോവിന്ദനെന്തു തിരുമനസ്സെന്നറി-
ഞ്ഞേവരുമൊത്തു വിചാരിക്കയും വേണം
ദ്രോണരും ഭീഷ്മരും ശാരദ്വതൻതാനും
ദ്രൗണിയും കർണ്ണനും സോമദത്താത്മജൻ

താനും ജയദ്രഥൻ താനും ത്രിഗത്തനും
ജ്യോതിഷ്മതീപതിയാം ഭഗദത്തനും
മാതുലനായ ശകുനിഗാന്ധാരനു-
മേതുമേ ഭീതിയില്ലാതവർ പോരതിൽ
മററുമഹാരഥന്മാരാമവരെല്ലാ-
മുററബന്ധുക്കൾ സുയോധനനാകയാൽ
യുദ്ധം തുടന്നാൽ ജയിപ്പാൻ പണിയുണ്ടു
ചിത്തത്തിലേററം വിചാരിക്കയും വേണം
ദ്രോണരാമാചാൎയ്യൻ കയ്യിൽ വില്ലുള്ളപ്പോൾ
പ്രാണഭയമവനില്ലെന്നു നിൎണ്ണയം
അച്ഛനാം ശന്തനു തന്റെ വരത്തിനാൽ
സ്വച്ഛന്ദമൃത്യുവായുള്ള പിതാമഹൻ
വിശ്വനാശംവരുന്നാളും മരണമി-
ല്ലശ്വത്ഥാമാവിനസ്ത്രജ്ഞോത്തമനവൻ
മൃത്യുഭയം കൃപാചാൎയ്യനൊരുനാളു-
മെത്തുകയില്ലവൻ ബ്രഹ്മജ്ഞസത്തമൻ
മിത്രതനയനും മൃത്യുഭയമില്ല
വൃത്രാരി നൽകിയ ശക്തിയുണ്ടാകയാൽ
ഇങ്ങിനെയുള്ള ദിവ്യന്മാരെ നാമിപ്പോ-
ളെങ്ങിനെ നിഗ്രഹിക്കുന്നു നിരൂപിച്ചാൽ
മല്ലാരിയാകിയ മാധവനോതി-
യുള്ളനമുക്കൊരു നല്ലതെന്നോൎത്തുള്ളിൽ
അല്ലലകന്നു തെളിഞ്ഞിതു പാണ്ഡവർ
കല്യാണമുൾക്കൊണ്ടിരുന്നാരതുകാലം
നല്ല കഥയിതു മേലിലേ ചൊൽകിലെ-
ന്നുല്ലാസമോടിരുന്നാൾ പൈങ്കിളിമകൾ.

---*---

വിരാടപൎവ്വം

വരി 1—4. കിളിയോടു കഥ തുടരുവാൻ പറയുന്നു:— നാരായണൻ.........രസം=നാരായണന്റെ തിരുനാമമാകുന്ന അമൃതത്തിന്റെ രസം. ഓരാതവർ=ഓൎക്കാത്തവർ. അധമരിലധമർ=നീചന്മാരിൽവെച്ചും അധികം നീചന്മാരായവർ. "ബാലേ" എന്നതു കിളിയോടുള്ള സംബോധനയാകുന്നു. തച്ചരിതം=അദ്ദേഹത്തിന്റെ (നാരായണന്റെ) കഥ. ഇന്നും=ഇനിയും. നാരായണമൂൎത്തിയായ ശ്രീകൃഷ്ണന്റെ കഥ എന്നു പറഞ്ഞതുകൊണ്ടു ശ്രീകൃഷ്ണമാഹാത്മ്യത്തെ പ്രതിപാദിക്കുന്ന മഹാഭാരതകഥ എന്നു ഗ്രഹിക്കേണ്ടതാണ്.

5—34. കിളി കഥ തുടൎന്നുപറയുന്നു:— തച്ചരിതങ്ങൾ=അവരുടെ ചരിതങ്ങൾ (അവർ=പാണ്ഡവന്മാർ). അച്യുതഭക്തരിൽ=ശ്രീകൃഷ്ണഭക്തന്മാരിൽ. ധൎമ്മജൻ=ധൎമ്മപുത്രൻ. ജീവിച്ചെഴുനീററ—ധൎമ്മരാജാവിന്റെ പരീക്ഷയിൽ പൊയ്കയിലെ വെള്ളം കുടിച്ചു മരിച്ചതിന്നുശേഷം ആ ധൎമ്മരാജാവിന്റെ തന്നെ അനുഗ്രഹത്താൽ ജീവിച്ചെഴുന്നേററവരായ. സോദരന്മാരോടും=ഭീമസേനൻ മുതലായ അനുജന്മാരോടുകൂടി. ഭാവിച്ചിതു=ആരംഭിച്ചു. വേണുന്ന=വേണ്ടുന്ന. "കാരിയം"=കാൎയ്യം. ധൎമ്മപുത്രൻ അനന്തരകരണീയം നടത്തുവാൻ ആരംഭിച്ചുവെന്നു സാരം. അനന്തരകരണീയം എന്തെന്നു "അജ്ഞാതവാസം" ഇത്യാദികൊണ്ടു പറയുന്നു:—അജ്ഞാതവാസം=ആരും അറിയാതെകണ്ടുള്ള വാസം. (ചൂതിൽ പരാജിതരായ പാണ്ഡവന്മാർ പന്തീരാണ്ടു കാലം കാട്ടിൽ പാൎക്കണമെന്നും അതിന്നുശേഷം ഒരു സംവത്സരം നാട്ടിൽ എവിടെയെങ്കിലും ഒരിടത്തു ആരും അറിയാത്തവിധം വസിക്കണമെന്നുമുള്ള നിശ്ചയത്തിന്നു വിധേയന്മാരായി. അപ്രകാരം

നാട്ടിലുള്ള ഗൂഢവാസത്തെയാണ് അജ്ഞാതവാസമെന്നു പറയുന്നതു്) ജിജ്ഞാസിച്ചീടിനാർ = അറിവാൻ ആഗ്രഹിച്ചു. ഐവരുമായ് = അഞ്ചുപേരും കൂടി. അജ്ഞാതവാസം കഴിച്ചുകൂട്ടുവാനുള്ള ഉപായമെന്തെന്നു അഞ്ചുപേരുംകൂടി ആലോചിച്ചുറച്ചുവെന്നു താല്പൎയ്യം. അജ്ഞാനം = അറിവില്ലായ്മ. വിജ്ഞാനികൾ = അറിവുള്ളവർ. ധൎമ്മജന്മാദികൾ = ധൎമ്മപുത്രൻ മുതലായവർ. ശമീവൃക്ഷത്തിന്മേൽ = വഹ്നിമരത്തിന്മേൽ. ആയതനേത്ര = നീണ്ട കണ്ണുകളോടുകൂടിയവൾ. കൃഷ്ണ = പാഞ്ചാലി. ഛന്നമായുള്ളോരു = മറച്ചുവെയ്ക്കപ്പെട്ട. നാമവേഷത്തോടും = പേരിനോടും വേഷത്തോടുംകൂടി. വിരാടപുരിയിൽ = വിരാടരാജാവിന്റെ രാജധാനിയിൽ. പാണ്ഡവന്മാരും പാഞ്ചാലിയുംകൂടി പേരും വേഷവും മറച്ച് അജ്ഞാതവാസത്തിന്നായി വിരാടരാജധാനിയിൽ ചെന്നുചേൎന്നു. അവർ ഓരോരുത്തരും വേഷച്ഛന്നരായിട്ട് ഏതേതുപേർ ധരിച്ചു ഏതേതു പ്രവൃത്തിയിൽ ഏൎപ്പെട്ടു എന്നു പറയുന്നു—കങ്കനെന്നോ........ യുധിഷ്ഠിരനാം നൃപൻ = യുധിഷ്ഠിരരാജാവ് (ധൎമ്മപുത്രൻ) കങ്കൻ എന്നു പേരായ ഒരു സന്ന്യാസിയായിട്ട് വിരാടപുരിയിൽ ചെന്നു. മന്നൻ = രാജാവ്. മഹാനസംതന്നിലേ = മടപ്പള്ളിയിൽ. ഭീമസേനൻ വലലൻ എന്ന പേർ ധരിച്ച് മടപ്പള്ളിയിൽ പ്രവേശിച്ചു. (പാചകപ്രധാനിയുടെ തൊഴിലിൽ ഏൎപ്പെട്ടു) വൃത്രാരിപുത്രൻ = ഇന്ദ്രപുത്രൻ (അൎജ്ജുനൻ.) ബൃഹന്നള = സ്ത്രീയുടേയും പുരുഷന്റേയും ലക്ഷണത്തോടുകൂടിയവൾ. പൃഥ്വീശപുത്രിക്ക് = വിരാടരാജാവിന്റെ മകളായ ഉത്തരക്ക്. നൃത്തഗീതാദികൾ = ആട്ടം, പാട്ട് മുതലായവ. ശിക്ഷയോടെ = നല്ല ശിക്ഷയോടുകൂടി. അക്ഷിവിലാസങ്ങൾ = കണ്ണുകളുടെ കളികൾ (കടാക്ഷവീക്ഷണങ്ങൾ.) തരുണിയായ് = സ്ത്രീയായിട്ട്. അൎജ്ജുനൻ ബൃഹന്നള എന്ന പേരോടുകൂടി നപുംസകരൂപിണിയായ ഒരു സ്ത്രീയാ

യീൎന്നമഞ്ഞു് രാജകുമാരിയെ നൃത്തഗീതാദികൾ പഠിപ്പിച്ചു-
തുടങ്ങി [ഇവിടെ അൎജ്ജുനനെ വൃത്രാരിപുത്രൻ എന്ന പദം
കൊണ്ടു് നിൎദ്ദേശിച്ചതു സവിശേഷം ശ്രദ്ധിക്കത്തക്കതാണു്.
ഇന്ദ്രപുത്രനായ അൎജ്ജുനൻ ഇന്ദ്രന്റെ ആവശ്യപ്രകാരം നിവാ-
തകവചകാലകേയന്മാർ എന്ന അസുരന്മാരെ കൊല്ലുവാൻ
സ്വൎഗ്ഗലോകത്തിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ സുന്ദര
രൂപം കണ്ടു് കാമപീഡിതയായിത്തീൎന്ന ഉൎവ്വശി അദ്ദേഹ-
ത്തെ വശീകരിക്കുവാൻ ശ്രമിക്കുകയുണ്ടായി. പക്ഷെ വിജ
യൻ ആ വലയിൽ കുടുങ്ങിയില്ല. തന്റെ അപേക്ഷ സാധി
ക്കില്ലെന്നു കണ്ടപ്പോൾ ഉൎവ്വശി അദ്ദേഹത്തിന്നു "നീ ഒരു ന
പുംസകമായി പോകട്ടെ" എന്നു ശാപം കൊടുത്തു. ഈ വിവ-
രം അറിഞ്ഞു് ദേവേന്ദ്രൻ "ഉൎവ്വശിയുടെ ശാപം നിനക്കു്
ആവശ്യമാകുന്ന സമയത്തു മാത്രമേ ഉണ്ടാകയുള്ളു" എന്നു അ
നുഗ്രഹിച്ചു. അജ്ഞാതവാസത്തിൽ അദ്ദേഹത്തിന്നു് ഉൎവ്വശീ
ശാപം ഉപകാരമായിത്തീൎന്നു എന്നു് ഇവിടെ ഓൎക്കേണ്ടതാ-
ണു്] അശ്വിനീപുത്രരിൽ=അശ്വിനീദേവകളുടെ പുത്രന്മാരാ-
യ നകുലസഹദേവന്മാരിൽ. മുമ്പൻ=മൂത്തവൻ. അശ്വങ്ങൾ
മേപ്പതിന്നായി=കുതിരകളെ രക്ഷിക്കുന്നതിന്നായി. ഒരുമ്പെ
ട്ടിതു=ഏൎപ്പെട്ടു. പശ്വാളി=പശുക്കൂട്ടം. വിശ്വൈകവിദ്വാ-
ൻ=ലോകത്തിൽവെച്ചു പ്രധാനവിദ്വാനായവൻ. വിരോ
ധികൾക്കു്=ശത്രുക്കൾക്കു്. അന്തകൻ=കാലൻ. നകുലൻ അ
ശ്വപാലകന്റെയും, സഹദേവൻ പശുപാലകന്റെയും സ്ഥാ
നം സ്വീകരിച്ചു. യാജ്ഞസേനി=യജ്ഞസേനന്റെ (പാഞ്ചാ
ലരാജാവിന്റെ) പുത്രി. രാജ്ഞിയായുള്ള സുദേഷ്ണ=വിരാടരാ
ജാവിന്റെ പത്നിയായ സുദേഷ്ണാദേവി. വ്രതി=പതിവ്രതാ
വ്രതി. വൃകോദരൻ=ഭീമസേനൻ. പാഞ്ചാലി സൈരന്ധ്രി
യുടെ വേഷം ധരിച്ചു് സുദേഷ്ണയുടെ സഖിയായി തന്റെ പ
തിവ്രതാധൎമ്മത്തെ രക്ഷിച്ചുംകൊണ്ടു് രാജധാനിൽ പാൎത്തു.

[സൈരന്ധ്റി എന്ന പദത്തിന്ന് സ്വാതന്ത്ര്യത്തോടുകൂടി അ
ന്യഗൃഹത്തിൽ പാൎക്കുന്ന ശില്പകാരി എന്നാണൎത്ഥം. "സൈര
ന്ധ്റീ പരവേശ്മസ്ഥാ സ്വവശാ ശില്പകാരികാ" എന്ന് അമ
രം]. ഇങ്ങനെയിരിക്കുന്ന കാലത്തു് ഭീമസേനൻ ശക്തനായ
ഒരു മല്ലനെ കൊന്നു. പിന്നെ പത്തുമാസംകാലം കഴിഞ്ഞു.
അജ്ഞാതവാസത്തിൽ പത്തുമാസം കഴിഞ്ഞതിന്നുശേഷം ഉ
ണ്ടായ കഥയാണ് ഇനി പറയുവാൻ പോകുന്നതു്,

35—66:—സുദേഷ്ണയുടെ സോദരനായ കീചകൻ സൈ
രന്ധ്റിയെ കണ്ടു കാമപരവശനായിട്ടു് അവളോടു പ്രേമ
പ്രാൎത്ഥന ചെയ്യുന്നു:—ഭ്രാതാവ്=സോദരൻ. മല്ലാക്ഷി=സു
ന്ദരി. മല്ലബാണങ്ങളേററ്=കാമദേവന്റെ മല്ലപ്പൂക്കളാകുന്ന
ബാണങ്ങളേററ്. അല്ലൽ=ദുഃഖം. മധുരമായ്=മനോഹരമാ
യിട്ടു്. "വല്ലാതിവിടെ" എന്നതുമുതൽ കീചകന്റെ വാക്കാ
കുന്നു. ഫുല്ലാംബുജ............—ലസന്മുഖീ=ഫുല്ലാംബുജത്തി
ന്റെ (വിരിഞ്ഞ താമരയുടെ) പ്രൌഢിയെ വെല്ലുന്നതും ശോ
ഭിക്കുന്നതുമായ മുഖത്തോടുകൂടിയവളേ (സംബോധന) മല്ല
ബാണൻ=കാമദേവൻ; ചില്ലിക്കൊടിയിണതെല്ല്=രണ്ടു പു
രികക്കൊടികളുടെ അററം. കൊല്ലുവാൻതന്നെയെന്നല്ലയല്ലീ=
കൊല്ലുവാൻതന്നെ അല്ലായിരിക്കുമോ. വല്ലഭ=ഭാൎയ്യ. കല്യത
കോലുന്ന=ചാതുൎയ്യമുള്ള. കല്യാണശീലം=നല്ല സ്വഭാവം. പ
ല്ലവം=തളിർ. പതുത്തോരു=മൃദുവായ..മേനി=ശരീരം. മല്ല
മിഴി............വിലാസം = മല്ലപുഷ്പങ്ങൾപോലെയുള്ള രണ്ടു
കണ്ണുകളുടെ അററങ്ങളുടെ വിലാസം. മല്ലീശരാക്ഷമാം=
മല്ലീശരന്റെ (കാമദേവന്റെ) അക്ഷം (ചൂതുകരു) ആ
യ. ഫാലാധിവാസാ = ഫാലത്തിന്റെ (നെററിയുടെ)
അധിവാസം. ചന്ദ്രിക=നിലാവ്. ലസന്മൃദുഹാസം=ശോ
ഭിക്കുന്ന മൃദുവായ പുഞ്ചിരി. ചന്ദ്രബിംബാ...............
ഭോജം=ചന്ദ്രബിംബംപോലെ മനോഹരവും താമരപ്പൂവു

പോലെയുള്ളതുമായ മുഖം. പങ്കജകോരകം=താമരമൊട്ടു്. ചെങ്കുങ്കുമാ............ കുംഭദ്വയം=ചുവന്ന കുങ്കുമത്താൽ അലങ്കരിക്കപ്പെട്ട ആനയുടെ കുംഭങ്ങൾ (മസ്തകത്തിന്മേലുള്ള മുഴകൾ) രണ്ടും. ശുംഭൽ............കുംഭം=ശുംഭത്തായ (ശോഭിക്കുന്ന) സുവർണ്ണോരു കുംഭം (പൊൻകുടം) രോമാളിഭംഗി=രോമാവലിയുടെ ഭംഗി. കൊണ്ടാടി . . , . . നടകൾ=കാമദേവൻ കണ്ടുകൊണ്ടാടി തലകുലുക്കുന്ന നടത്തങ്ങൾ. കണ്ടാൽ തരിപ്പെട്ടുന്നോരു=കണ്ടാൽ തരിക്കുന്ന. വണ്ടാർ തഴക്കുഴലാളേ=സുന്ദരീ (സംബോധന) നിന്നാണ്“=നി തന്നെയാണ സത്യം. ചോരിവാ=അധരം. വേണുന്നതു്=വേണ്ടുന്നതു്. [ഈ വരികളിൽ എഴുത്തച്ഛനു് ശൃംഗാരവർണ്ണനയിലുള്ള അനിതരസാധാരണമായ സാമർത്ഥ്യം പ്രകാശിക്കുന്നുണ്ടു്. പങ്കജകോരകം ഇത്യാദിവരികളിൽ മനോഹരമായ ശബ്ദഭംഗി പ്രത്യേകം ശ്രദ്ധിച്ചറിയേണ്ടതാകുന്നു.]

67—76:—സൈരന്ധ്രിയോടുള്ള പ്രാർത്ഥന ഫലിക്കായ്കയാൽ കീചകൻ അവളെ തന്റെ അടുക്കലേക്കു പറഞ്ഞയക്കുവാൻ സുദേഷ്ണയോടു് അപേക്ഷിച്ചതായി പറയുന്നു:— ഇത്ഥം = ഇപ്രകാരം. അവൾ ചിത്തമിളകാഞ്ഞു = അവളുടെ മനസ്സിളകായ്കയാൽ. അഴൽ = ദുഃഖം. ഉള്ളവണ്ണം=ഉള്ളതുപോലെ. ഉടൽപ്പിറന്നുള്ളവൾ=സഹോദരി (സുദേഷ്ണ) കാമം മുഴുത്തു............ഇങ്ങിനെയെന്നില്ല = കാമം മുഴുത്തു് തന്നെത്താൻ മറന്നുവശായ കാമുകന്മാർ ഇന്നതേ ചെയ്കയുള്ളു എന്നില്ല. “ഇന്ന നേരത്തെന്നും” എന്നുതുടങ്ങുന്ന രണ്ടു വരികൾ കാമുകന്മാരുടെ ചാപല്യത്തെക്കുറിച്ചുള്ളവയത്രെ. “നിന്നുടെ ദാസി” എന്നാദിയായ രണ്ടു വരികൾ കീചകൻ സുദേഷ്ണയോടു പറഞ്ഞ വാക്കാകുന്നു. ഭഗിനി = സഹോദരി. (സംബോധന.)

77—98:— സുദേഷ്ണ സൈരന്ധ്രിയോടു് കീചകന്റെ അടുക്കൽനിന്നു മദ്യവും കറികളും വാങ്ങിക്കൊണ്ടുവരുവാൻ

പറയുന്നു—അതനുസരിച്ചു സൈരന്ധ്രി തനിച്ചു് അവന്റെ അടുക്കലേക്കു പോകുന്നു—കീചകൻ കാമാർത്തനായി അടുക്കുന്നു—സൈരന്ധ്രി ഓടുന്നു—കീചകൻ കൂടെ ഓടുന്നു—സൈരന്ധ്രി സഭയിൽ വീഴുന്നു—കീചകൻ അവളുടെ തലമുടി പിടിച്ചപ്പോൾ സഭാവാസികൾ അവനെ വിലക്കുന്നു—അപ്പോൾ സൈരന്ധ്രിയെ രക്ഷിപ്പാൻ സൂര്യദേവനാൽ അയയ്ക്കപ്പെട്ട ഒരു രാക്ഷസൻ പെട്ടെന്നു വന്നു കീചകനെ ഉന്തിത്തള്ളുന്നു—അവൻ ജാള്യത്തോടുകൂടി അകത്തേക്കു പോകയും ചെയ്യുന്നു.—ചേതോഹരാംഗി = മനോഹരമായ അംഗത്തോടുകൂടിയവൾ. കാദംബരി = മദ്യം. മേചകകാന്തി കലന്ന = കറുപ്പുനിറമുള്ള. മനോഹരേ! എന്നു സംബോധന. മൌനാനുവാദം = മൌനരൂപമായ അനുവാദം. നേത്രസുഖം = നയനപ്രീതി. മൈരേയപാത്രം = മദ്യപാത്രം. അടലോടെ = വ്യസനത്തോടുകൂടി. അല്ലിത്താർ കുന്തൽ = നിലത്താമരപ്പൂവിന്റെ നിറത്തോടുകൂടിയ തലമുടി. ഒല്ലായിതു് = ഇതു ശരിയല്ല. ദിനേശൻ = സൂര്യൻ. രക്ഷോവരൻ = രാക്ഷസശ്രേഷ്ഠൻ. പരോക്ഷം = (ക്രിയാവിശേഷണം) അപ്രത്യക്ഷമായിട്ടു് (ആരും കാണാതെ). അതിദ്രുതം = അതിവേഗത്തിൽ. ഇക്ഷു..........ചിത്തൻ = ഇക്ഷുകോദണ്ഡന്റെ (കാമദേവന്റെ) ശരങ്ങളാൽ ക്ഷതമായ മനസ്സോടുകൂടിയവൻ. അക്ഷമൻ = ക്ഷമയില്ലാത്തവൻ. പ്രക്ഷേപണം ചെയ്താൻ = ഉന്തിത്തള്ളി. അക്ഷണം = ആ സമയം. സക്ഷതനായ് = ക്ഷതത്തോടുകൂടിയവനായിട്ടു് (ക്ഷതം = മുറി) ഇളിച്ചു = വിഡ്ഢിയായിട്ടു്. ഒരു കോണിൽ = ഒരു മൂലയിൽ.

99—122:—കീചകന്റെ ഉപദ്രവത്താൽ പീഡിതയായ സൈരന്ധ്രി ഭീമസേനനോടു ആ ദുഷ്ടനെക്കൊണ്ടുള്ള ശല്യം തീർത്തുതരേണമെന്നു് അപേക്ഷിക്കയും, ഭീമസേനന്റെ ഉപദേശപ്രകാരം സൈരന്ധ്രി അർദ്ധരാത്രി സമയത്തു കൂത്തരങ്ങ

ത്തു" കീചകനുമായുള്ള കൂടിക്കാഴ്ചക്ക് സങ്കേതം നിശ്ചയിക്കുകയും ചെയ്തതിനെപ്പറയുന്നു:— അന്നരാവ് = അന്നരാത്രിയിൽ. അംബുജലോചന=സുന്ദരി (സൈരന്ധ്രി). മാരുതി തന്നുടെ = ഭീമസേനന്റെ. കേണീടിനാൾ = വ്യസനിച്ചു. ഉണ്ണി = ഓമനേ. ഒരുവണ്ണം = ഒരു വിധം. ഇന്നും=ഇനിയും. ഇനി ഒരു മാസംകൂടി വല്ല വിധവും ക്ഷമിക്കുക. മാസമോ പിന്നെയല്ലോ=ഒരു മാസമെന്ന കാര്യം പിന്നെയല്ലേ. ഒരു വാസരം=ഒരു ദിവസം. പൊറാ= പൊറുക്കുകയില്ല. പൊറുതിയില്ല=സ്വൈരമില്ല. ഏതുമേ = ഒട്ടും. കൊന്നവൻതന്നെ=അവനെക്കൊന്നിട്ട്. നിന്നിടർ = നിന്റെ പരിതാപം. മന്മഥകളത്തിന്നു=കാമക്രീഡയ്ക്കു്. എന്നാനവൻ=എന്നു് അവൻ പറഞ്ഞു. മാരമാൽ = കാമപീഡ. "നാരിമാർ" ഞങ്ങൾ" എന്നതു മുതൽ "പറഞ്ഞീലയെന്നില്ലേടോ" എന്നതുവരെ കീചകനോടുള്ള സൈരന്ധ്രിയുടെ വചനമാകുന്നു. നാരിമാർ............സാധർമ്മം=സ്ത്രീകളായ ഞങ്ങളുടെ സാധർമ്മം. മാരവശഗമാർ = കാമന്റെ അടിമകൾ. അന്വഹം=നാൾതോറും. നാനാജനങ്ങൾ= പല ആളുകൾ, ഊനമില്ലാതവണ്ണം=കേടു കൂടാതെ, പലരും അപേക്ഷിച്ചാൽ അവരോടു തങ്ങൾക്കു ദോഷം വരാത്തവിധം ഇണങ്ങണമെന്നുള്ളതു് സ്ത്രീകളുടെ ധർമ്മമാണ്. പഞ്ചഗന്ധർവ്വർ തൻ പീഡിതം=അഞ്ചു ഗന്ധർവ്വന്മാരുടെ ബാധ. കണ്ടീടും=കാണും. ഓരോദിനംപ്രതി=ഓരോദിവസംതോറും. ഒട്ടുനാളേക്ക്=കുറെ ദിവസത്തേക്ക്. പട്ടാംഗ=നിശ്ചയം. എനിക്ക് അഞ്ചു ഗന്ധർവ്വന്മാരുടെ ബാധയുണ്ട്. അവർ ഓരോ ദിവസം എന്നിൽ ആവേശിക്കും. എന്നാൽ കുറച്ചുദിവസത്തേക്ക് അവർ വന്നില്ലെന്നും വരാം. ഈ സംഗതി ഞാൻ പറഞ്ഞില്ലെന്നു വരരുതു്. പഴുവേ=വഴിപോലെ. തങ്ങളിൽ=തമ്മിൽ. കയ്യുംപിടിച്ചു=കൈപിടിച്ചു സഖ്യംചെയ്തു. മനസ്സോത്തു= മനസ്സിണങ്ങി.

123—162. കീചകവധം:—സ്വൈരം=സുഖം. തൈലാഭ്യംഗം=എണ്ണതേച്ചുകളി. മൈരേയ....മദ്യം=മൈരേയം എന്നു പേരുള്ള മദ്യം. ആമോദതാംബൂലം=സൌരഭ്യത്തോടുകൂടിയ വെററില. മാല്യങ്ങൾ=മാലകൾ. ദിവ്യാംബരാ....ദികൾ=ദിവ്യങ്ങളായ വസ്ത്രങ്ങൾ, ആഭരണങ്ങൾ, കുറിക്കൂട്ടുകൾ മുതലായവ. ഉത്തമ=നല്ല ലക്ഷണത്തോടുകൂടിയവൾ. കീചകൻ കാമുകവേഷം ചമഞ്ഞു് സങ്കേതസ്ഥാനത്തേക്കു പുറപ്പെട്ടു. അപ്പോഴക്കും ഭീമസേനൻ അവിടെ പാഞ്ചാലി പറഞ്ഞുകൊടുത്തിരുന്ന മെത്തമേൽ ചെന്നു കിടന്നിരുന്നു. ചിത്തകൌതുഹലം=മനസ്സിലെ കൌതുകം. മത്തൻ=മദിച്ചവൻ. ചിത്തജന്മാവു്=കാമദേവൻ. പുത്തൻ....തൊത്തു=പുതിയ സ്തനതടം. കളിർമുലക്കോരകം=പൂമൊട്ടുപോലെ ഭംഗിയുള്ള സ്തനം. നിരക്കെ=നിരപ്പിൽ. പരുപരക്കുത്തുന്ന=പരുഷമായിത്തറക്കുന്ന. കീചകൻ സ്തനങ്ങൾ പുണർന്നപ്പോൾ അവ പരുഷമായിത്തറക്കുന്ന രോമങ്ങളോടുകൂടി കാണപ്പെട്ടു. രോമലതാമൂലം=രോമാവലിയുടെ അടിഭാഗം. എവിടം=ഏതുപ്രദേശമാണു്. ആരോമലായുള്ളോരു=സുന്ദരിയായ, പങ്കജബാണമാൽ=കാമാൎത്തി. പൊറാഞ്ഞു്=സഹിക്കാതെ. തഴുകിനാൻ=ആലിംഗനംചെയ്തു. മുൻനടന്നീടിനാൻ=മുമ്പിലേക്കു നടന്നു. കീചകൻ അത്യാൎത്തിയോടുകൂടി ആലിംഗനം ചെയ്തപ്പോൾ ഭീമസേനൻ എഴുന്നേററുനടന്നു. എത്തി=പിൻതുടൎന്നുചെന്നു. അസ്ഥി=എല്ലു്. ചിത്തഭ്രമം=മനസ്സിലെ ഭ്രമം. മുഷ്ടി=കൈപ്പിടി. കീചകൻ ഭീമനെ പിൻതുടൎന്നു് ചെന്നപ്പോൾ ഭീമൻ മുഷ്ടിപ്രഹരം പ്രയോഗിച്ചു. പ്രേമമില്ലെന്നു........മേല്പിച്ചിതാദരാൽ=നഖവ്രണം ഏല്പിച്ചില്ലെങ്കിൽ പ്രേമമില്ലെന്നുവരും എന്നാശങ്കിച്ചു് ഭീമസേനൻ കീചകന്റെ മേൽ നഖങ്ങളും ഏല്പിച്ചു. [നഖക്ഷതം ഏല്പിക്കുന്നതു് പ്രേമസൂചകമാണെന്നു് ശാസ്ത്രത്തിൽ പറയുന്നുണ്ടു്.]

"അയ്യോ! മതിമതി" എന്നു മുതൽ "കരിങ്കല്ലുനിൎണ്ണയം" എന്നുവരെ കീചകൻ പറയുന്ന വാക്കാകുന്നു. പോരും=മതി. മയ്യൽമിഴിയാളേ=സുന്ദരി (സംബോധന). കയ്യയച്ചീടു=കൈവിട്ടു, നീയല്ലയോ........ചെയ്തതും=ഇതു നീതന്നെയല്ലേ? കളവുതന്നെ പറഞ്ഞു് ചതിയ്ക്കയാണോ ചെയ്തതു്. മെയ്യെന്നുകല്പിച്ചു=സത്യമാണെന്നു കരുതി. മെയ്യല്ല=ശരീരമല്ല. വിധിബലാൽ=ദൈവശക്തിയാൽ. വാതാത്മജനായ=കാററിൻമകനായ. ഭാവിച്ചു്=നടിച്ചു്, കീചകൻ ഭീമൻെറ മുഷ്ടിപ്രഹരമേററു മൃതിയടഞ്ഞു. ഭീമൻ താനൊന്നുമറിഞ്ഞില്ലെന്നു നടിച്ചു് തിരിച്ചുപോകയും ചെയ്തു.

163—192—കീചകൻെറ അനുജന്മാരും ഉപകീചകന്മാർ എന്നു പേരുള്ളവരുമായ നൂററഞ്ചുപേർ സൈരന്ധ്രിയെ പിടിച്ചുകെട്ടി കീചകൻെറ ശവത്തോടുകൂടി ദഹിപ്പിക്കുവാൻ കൊണ്ടുപോകുന്നതിന്നു ശ്രമിക്കുന്നു. അതുകണ്ടു് ഭീമ "കീചകനെ ഗന്ധൎവ്വൻകൊന്നതിന്നു് ഇവളെന്തുപിഴച്ചു"എന്നു ചോദിച്ചു് അവളെ വിടുവാൻ പറയുന്നു.—അവർ വഴിപ്പെടായ്കയാൽ ഭീമസേനൻ അവരെയെല്ലാം തച്ചുകൊല്ലുന്നു:—തമ്പിമാർ=അനുജന്മാർ. പത്തിൽപ്പെരുക്കിയ പത്തുമൊരഞ്ചും=ഒരുനൂററഞ്ചു്. അത്തൽപൂണ്ടു്=ദുഃഖിച്ചു്. കൃഷ്ണയെ=പാഞ്ചാലിയെ. ചത്തശവത്തോടു=കീചകൻെറ മൃതശരീരത്തോടു. വെച്ചുകെട്ടീടിനാർ=ചേൎത്തുകെട്ടി. കൂട........കളവാനായ്=കീചകൻെറ ശവത്തോടുകൂടെ അവളെയും ദഹിപ്പിക്കുവാൻവേണ്ടി. കൂടലർകാലൻ=ശത്രുക്കൾക്കു കാലനായവൻ. ഗന്ധൎവ്വന്മാർ........ഉപദ്രവിപ്പാൻ നിങ്ങൾ=ഗന്ധൎവ്വന്മാർ കൊന്നതിന്നു ഇവളെ ബന്ധിപ്പാൻ കാരണമെന്തു്? വൃദ്ധബാലാ........ദ്യങ്ങളെ=വൃദ്ധന്മാർ, ബാലന്മാർ, അംഗനമാർ (സ്ത്രീകൾ), ഗോക്കൾ, ദ്വിജന്മാർ മുതലായവരെ. ബദ്ധരോഷാൽ=ഉണ്ടായ കോപത്തോടുകൂടി. വിരോധിക്കുന്ന=

ദ്രോഹിക്കുന്നു. ദുഷ്ടരെ=ക്രൂരന്മാരെ. മൃത്യുപുരത്തിന്നു്=യമരാജധാനിയിലേക്കു്. പൃഥ്വീപതികൾ=രാജാക്കന്മാർ. വിധിമതം=ഈശ്വരമതം. ആശ്രയമില്ലാതനാരിയെ = ആരും സഹായമില്ലാത്ത ഒരു സ്ത്രീയെ. ആശ്രയാശങ്കൽ=അഗ്നിയിൽ. യോഗ്യമോ=ഉചിതമോ. ആശ്രയാശൻ എന്നതിന്നു് ആശ്രയിക്കുന്ന വസ്തുവിനെ ഭക്ഷിക്കുന്നവൻ എന്നാണർത്ഥം. ആശ്രയമില്ലാത്തവളെ (ആശ്രയാശങ്കൽ സമർപ്പിക്കുന്നതു കഷ്ടമാണു് എന്നു താല്പര്യം) ആശ്രിത......................പതികൾക്കു്= ആശ്രിതന്മാരെ രക്ഷിക്കുന്നതു് രാജാക്കന്മാർക്കുള്ള ധർമ്മമാണു്. ആശ്രിത......................താനും=വിശേഷിച്ചും ഇവൾ ആശ്രിതയാണു്. ആയുധപാണി=ആയുധം കയ്യിലുള്ളവൻ, ന്യായമല്ലാത=അന്യായമായ. കർമ്മങ്ങൾ കാട്ടുംവിധൌ=പ്രവൃത്തികൾ ചെയ്യുമ്പോൾ. നോക്കിയിരിക്കാമോ=കണ്ടു മിണ്ടാതിരിക്കാമോ. രാജഭടന്മാർ=രാജഭൃത്യന്മാർ. കാററഞ്ചും വേഗമോടെ=കാററുകൂടി ഭയപ്പെടുന്ന വേഗത്തോടുകൂടി. ഒടുക്കിനാൻ = നശിപ്പിച്ചു. കൂററൻ = കാളക്കൂററൻ. ചിനത്തോടു= കോപത്തോടുകൂടി. ഉപകീചകന്മാരെ തച്ചുകൊന്നിട്ടു് ഭീമസേനൻ ചുരമാന്തിനില്ക്കുന്ന കൂററനെപ്പോലെ കോപത്തോടുകൂടിനിന്നു. ഭീമനെക്കണ്ടു......................പേടിയുണ്ടായ്വന്നു= ഭീമസേനനെക്കണ്ടു ജനങ്ങൾ പേടിച്ചു; അവർക്കു കാമനെത്തന്നെ ഭയമായി. കാമനു കോമരമായി കളിച്ചാൽ കീചകന്നും ഉപകീചകന്മാർക്കും വന്ന അനുഭവം വരുമെന്നു ഭയമുണ്ടായി എന്നു താല്പര്യം. ശ്യാമളയാകിയ= ശ്യാമളനിറമുള്ള. കോമള=സുന്ദരി. നാട്ടാർ=നാട്ടുകാർ. കൂട്ടമേ=കൂട്ടത്തോടുകൂടി. അന്നുമുതൽക്കു് നാട്ടുകാരാരും സൈരന്ധ്രിയുടെ മുഖത്തു നോക്കാതെയായി. കാരണം അവർ അപരാധികളെ കൂട്ടത്തോടുകൂടി കൊല്ലിക്കുമെന്നുള്ള പേടിതന്നെ.

193—242. ഗോഗ്രഹണം:—വാട്ടമകന്നു = വാട്ടമില്ലാ-

ത്തം. സുയോധനൻ=ദുര്യോധനൻ. കൂട്ടവും....................ത്രുപ ണം=സഭകൂടി ആലോചന തുടങ്ങി. നാട്ടിലെങ്ങാനം=ഏതു നാട്ടിലെങ്കിലും. ഓട്ടാളർ=ചാരന്മാർ (ഒററകാർ) ധാർഷ്ട്യമേറീടുന്ന=ധൃഷ്ടതപെരുകിയ. ധർമ്മജന്മാദിയെ = ധർമ്മപുത്രൻ മുതലായവരെ. കാട്ടിലാക്കാമിന്നും=ഇനിയും കാട്ടിലേക്കയക്കാം. [പന്തീരാണ്ടു വനവാസം കഴിഞ്ഞു് ഒരാണ്ട് അജ്ഞാതവാസം ചെയ്യുന്ന കാലത്തു് പാണ്ഡവന്മാരെ കണ്ടെത്തി അറിഞ്ഞുവെങ്കിൽ വീണ്ടും പന്ത്രണ്ടുകൊല്ലം കാട്ടിലും ഒരു കൊല്ലം ആരുമറിയാതെ നാട്ടിലും വസിച്ചുകൊള്ളണമെന്നാണ് ദ്യൂതനിശ്ചയം]. പാച്ചിൽ=ഓട്ടം. അതുകേട്ടു് ദൂതന്മാർ രാജ്യങ്ങൾതോറും ഓട്ടംതുടങ്ങി, "എങ്ങുമേകാണാഞ്ഞു" എന്നു തുടങ്ങുന്ന രണ്ടു വരികൾ ദൂതന്മാർ മടങ്ങിവന്നു പറയുന്നതാണ്. ധാർത്തരാഷ്ട്രൻ=ദുര്യോധനൻ. പാർത്ഥന്മാരുള്ളേടം=പാണ്ഡവന്മാരുള്ള സ്ഥലം. ഭോഷന്മാരെ = മൂഢന്മാരെ (സംബോധന). മത്സ്യരാജ്യം=വിരാടരാജ്യം. ഘോഷമുണ്ടായവ=ഉണ്ടായ ഘോഷങ്ങളൊന്നും. ഗന്ധർവ്വശ്രേഷ്ഠന്മാർ= ഗന്ധർവ്വവീരന്മാർ. മത്സ്യരാജ്യത്തിലെ ഘോഷമൊന്നും കേട്ടില്ലേ എന്ന ചോദ്യത്തിന്നു് "കേട്ടു; അവിടെ ഘോഷം കൂട്ടിയവർ ഗന്ധർവ്വന്മാരാണപോൽ" എന്നു ദൂതന്മാർ മറുപടി പറഞ്ഞു. അവ്വണ്ണം=അപ്രകാരം. ഉൾപ്പൂവ്വിൽ=മനസ്സിൽ. മാരുതപുത്രൻ=ഭീമൻ. നിർണ്ണയം = നിശ്ചയം. യുക്തി = യോജിപ്പ്. ധൃതരാഷ്ട്രപുത്രനോടു = ദുര്യോധനനോടു. ഗംഗാദത്തൻ=ഭീഷ്മർ. എങ്കിലോ..............................ളെന്നുമേ = എന്നാൽ മത്സ്യരാജാവിൻെറ പശുക്കളെ ആട്ടിക്കൊണ്ടുപോരണം. അതു കണ്ടാൽ അർജ്ജുനൻ മുതൽപേർ അവിടെയുണ്ടെങ്കിൽ അടങ്ങിയിരിക്കുകയില്ല. മുമ്പിലെ=ആദ്യംതന്നെ. ത്രിഗർത്തൻ= ത്രിഗർത്തരാജാവ്. വഴിയെ=പിന്നാലെ. മത്സ്യൻ=മത്സ്യരാജാവ് (വിരാടരാജാവ്) കലഹം=യുദ്ധം. മന്നവൻതന്നെ=

വിരാടരാജാവിനെ, മഹാരഥൻ=വലിയ യോദ്ധാവ്. പശുക്കളെ ത്രിഗൎത്തൻ ആട്ടികൊണ്ടുപോയപ്പോൾ വിരാടരാജാവ് ചെന്ന തടുത്തു യുദ്ധംതുടങ്ങി. അപ്പോൾ ത്രിഗൎത്തൻ രാജാവിനെ പിടിച്ചുകെട്ടി. പല്ലും കടിച്ചു.........യുധിഷ്ഠിരൻ=കോപത്താൽ പല്ലിറുമ്മികൊണ്ടു നില്ക്കുന്ന ഭീമനോടു യുധിഷ്ഠിരൻ ചെല്ലുവാൻ പറഞ്ഞു. വൃകോദരൻ=ഭീമസേനൻ. സുശൎമ്മാവിനെ=ത്രിഗൎത്തരാജാവിനെ: വെന്നു=ജയിച്ചു്. മാത്സ്യനെ=വിരാടരാജാവിനെ. കുരുപ്രവരന്മാർ = ദുൎയ്യോധനാദികൾ. കെല്പോടു=ബലമായിട്ടു്. പററലരായ=ശത്രുക്കളായ. മറെറപ്പുറമെ=മറുഭാഗത്തുടെ. തെറെറന്നു=വേഗത്തിൽ. ചെററു=കുറച്ചു്. പശുപാലർ=പശുക്കളെ പാലിക്കുന്നവർ. ദുൎയ്യോധനാദികൾ പശുക്കളെ കൊണ്ടുപോകുമ്പോൾ പശുപാലന്മാർ അവരോടുപോർചെയ്തു തോററു.

243—272. പശുക്കളെ ശത്രുക്കൾ കൊണ്ടുപോയ വിവരം ഗോപാലകന്മാർ ഉത്തരനെ ധരിപ്പിക്കുന്നു— ഉത്തരൻ കുപിതനായി "അൎജ്ജുനൻതന്നെ എതിൎത്താലും ഞാൻ അവനെ ജയിച്ചു് പശുക്കളെ വീണ്ടുകൊണ്ടുവരും. പക്ഷെ പറഞ്ഞിട്ടെന്തുഫലം? എനിക്കൊരു സൂതനില്ലല്ലോ" എന്നു പറയുന്നു—അൎജ്ജുനനെ താഴ്ത്തിപ്പറഞ്ഞതുകേട്ടു് സൈരന്ധ്റി അദ്ദേഹത്തെ ആ വിവരം ധരിപ്പിക്കുന്നു—"തേരു് ഞാൻ തെളിക്കാം" എന്നു അൎജ്ജുനൻ പറഞ്ഞപ്രകാരം സൈരന്ധ്റി ഉത്തരനോടു പറയുകയും, ഉത്തരൻ ഉത്തരമുഖേന ബൃഹന്നളയെ സൂതകൃത്യത്തിന്നു വരുത്തുകയും, ബൃഹന്നള പൂട്ടിയ തേരിൽക്കയറി ഉത്തരൻ പോരിന്നു പുറപ്പെടുകയും ചെയ്യുന്നു:—മത്സ്യമഹീപതിപുത്രൻ=വിരാടരാജാവിന്റെ പുത്രൻ. വൃത്രാരിപുത്രൻ=ദേവേന്ദ്രന്റെ മകൻ. വെല്ലുന്നതുണ്ടു്=ജയിക്കുന്നുണ്ടു്. ഇല്ലൊരുകില്ലു്=ഒരു സംശയവുമില്ല. മത്തനായ്=മദമുള്ളവനായിട്ടു്. മത്തേഭഗാമിനി= ആനത്തലവനെപ്പോലെ നട-

ക്കുന്നവർ. ഈർഷ്യ=അസൂയ. വാർത്ത=വചനം. സൂതൻ=തേരാളി. ഉഴലായ്ക=ഖേദിക്കേണ്ട. ആരതു..................കേൾപ്പിപ്പതും=ആരാണ് ഇതു് ബൃഹന്നളയോടു ചെന്നുപറയുന്നതു്? "ആരതുചെന്നു" എന്നുമുതൽ രണ്ടു വരികൾ ഉത്തരൻ സൈരന്ധ്രിയോടും, "ഉത്തര ചൊന്നതു കേൾക്കും" എന്നു തുടങ്ങി ഒരു വരി സൈരന്ധ്രി ഉത്തരനോടും പറയുന്ന വചനമാകുന്നു. പാരം മെലിഞ്ഞ=വളരെ ചടച്ച. ബൃഹന്നള വളരെ ചടച്ച കുതിരകളെയാണ് തേരിന്നു പൂട്ടിയതു്.

273—358:— ബൃഹന്നള തെളിച്ച തേരിൽ കയറി ഉത്തരൻ കുരുക്ഷേത്രത്തിലേക്കു പോകുന്നു—അപ്പോൾ ഭീഷ്മദ്രോണാദികളുടെ വീര്യമോർത്തു് ഭീതനായിട്ടു് ഉത്തരൻ തേർ തിരിച്ചോടിപ്പാൻ പറയുന്നു—ബൃഹന്നള അതു കൂട്ടാക്കായ്കയാൽ ഉത്തരൻ തേരിൽനിന്നു കുതിച്ചുചാടുകയും, ബൃഹന്നള അയാളെ തേരിൽത്തന്നെ കയററി കൈകാലുകൾ ബന്ധിക്കുകയും ചെയ്യുന്നു—ഉത്തരൻ വീണ്ടും ദയനീയമായി നിലവിളിക്കുന്നു—അപ്പോൾ അർജ്ജുനൻ ചെന്നു ശമീവൃക്ഷത്തിന്മേൽനിന്നു വില്ലുമമ്പും മററുള്ള ആയുധങ്ങളും എടുക്കുന്നു—പിന്നെ അർജ്ജുനൻ വേഷം മാറി പാർക്കുന്ന തങ്ങളുടെ യഥാർത്ഥം വെളിപ്പെടുത്തുകയും ഉത്തരന്റെ ഭയം തീരുവാൻ തന്റെ പത്തു നാമങ്ങളും പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു—അനന്തരം അർജ്ജുനൻ പറഞ്ഞപ്രകാരം ഉത്തരൻ തേർ തെളിക്കുകയും, അർജ്ജുനന്റെ സങ്കല്പശക്തിയാൽ പെട്ടെന്നു ഹനൂമാൻ വന്നു തേരിന്റെ കൊടിമരത്തിൽ കയറുകയും ചെയ്യുന്നു—അർജ്ജുനൻ ഗംഭീരഘോഷത്തോടുകൂടി യുദ്ധത്തിന്നു പോകുന്നു:— ക്രുദ്ധനായ് = കുപിതനായിട്ടു്. മുഗ്ദ്ധാക്ഷിമാർ = സുന്ദരിമാർ. ശത്രുഭൂപാലരെ = ശത്രുരാജാക്കന്മാരെ. വസ്ത്രങ്ങൾ നല്ലവ = നല്ല വസ്ത്രങ്ങൾ. അന്തരമില്ല = വ്യത്യാസമില്ല. ഉഴറേറാടെ = വേഗത്തിൽ. ശത്രുക്കളെ ജയിച്ചു വരു

ന്മാൾ അവരുടെ കയ്യിൽനിന്നു പിടിച്ചെടുത്ത വിശേഷപ്പെട്ട വസ്ത്രങ്ങൾ ഞങ്ങൾക്കു തരേണമെന്നു സ്ത്രീകൾ ഉത്തരനോടു പറകയും അദ്ദേഹം അതു സമ്മതിക്കയും ചെയ്തു. കുരുക്ഷേത്രം = കുരുപാണ്ഡവന്മാരുടെ പടനിലം. രിപുക്കളെ = ശത്രുക്കളെ. വെന്നുകൂടാ = ജയിപ്പാൻമേലാ. ദ്രൌണി = ദ്രോണപുത്രൻ (അശ്വത്ഥാമാവു്). ആയോധനത്തിങ്കൽ = യുദ്ധത്തിൽ. പ്രാണഭയം = മരണഭയമെന്നൎത്ഥം. എല്ക്കുന്നതു് = ഏതിൎക്കുന്നതു്. മുന്നോക്കം = മുമ്പോട്ടു്, അതീവ = ഏററവും. കിരീടി = അൎജ്ജുനൻ. കരംകൊണ്ടു് = കൈകൊണ്ടു്. മഹാരഥൻ = വലിയ വില്ലാളി. [“ആത്മാനം സാരഥിം ചാശ്വാൻ രക്ഷൻ യുദ്ധ്യതേയോ നരഃസമഹാരഥസംജ്ഞഃ സ്യാൽ”എന്ന വചനപ്രകാരം തന്നേയും തന്റെ സൂതനേയും കുതിരകളേയും രക്ഷിച്ചുംകൊണ്ടു് യുദ്ധം ചെയ്യുന്നതാരോ അവനാണു മഹാരഥൻ. വേറെ ഒരു പക്ഷപ്രകാരം “ഏകോദശസഹസ്രാണിയോധയേ ദ്യസ്തു ധന്വിനാം സമഹാരഥസംജ്ഞഃ സ്യാൽ”, അതായതു് താനൊററക്കുന്നിന്നു് പതിനായിരം വില്ലാളികളോടു യുദ്ധം ചെയ്യുന്നവനാണു മഹാരഥൻ. അൎജ്ജുനന്നു രണ്ടുവിധമായാലും മഹാരഥത്വം ഉണ്ടു്] വിത്രസ്തചിത്തൻ = ഭയപ്പെട്ട മനസ്സോടുകൂടിയവൻ. “നാടും നഗരവും” എന്നു മുതൽ “അമ്മയെ കാണണം” എന്നുവരെ ഉത്തരൻ ബൃഹന്നളയോടു പറയുന്ന വചനം. ഏറിയെടുത്തിതു = കയറി എടുത്തു. ചാപശരാദികൾ = വില്ലു് അമ്പു്മുതലായ ആയുധങ്ങൾ. കൂറിനാൻ = പറഞ്ഞു. ആയുധ . . . . . .ബൃഹന്നളേ = അല്ലയോ ബൃഹന്നളേ! ഈ ആയുധം ആൎക്കുള്ളവയാണു്. ചൊല്ലുള്ള = പ്രസിദ്ധിയുള്ള. പാണ്ഡവന്മാരെവിടത്തു = പാണ്ഡവന്മാർ എവിടെയാണു്. “എങ്കിലോ കേൾക്ക” എന്നു മുതൽക്കു് അൎജ്ജുനൻ ഉത്തരനോടു തന്റേയും മററു പാണ്ഡവന്മാരുടേയും സത്യാവസ്ഥയെ പറയുന്ന വാ

ക്കാകുന്നു. ചെൽക്കണ്ണാൾ = സുന്ദരി. ശങ്കപോവാൻ = ഭയം തീരുവാൻ. മാത്സ്യൻ = മത്സ്യരാജാവിന്റെ പുത്രൻ. അൎജ്ജുനൻ, ഫൽഗുനൻ, പാൎത്ഥൻ, വിജയൻ, കിരീടി, ശ്വേതാശ്വൻ, ധനഞ്ജയൻ, ജിഷ്ണു, സവ്യസാചി, ബീഭത്സു ഈ പത്തും അൎജ്ജുനന്റെ പേരുകളാകുന്നു. വിശ്രുതമായ = പ്രസിദ്ധമായ. ഭീതിഹരം = ഭയം പോക്കുന്നതു്. ഭക്ത്യാ = ഭക്തിയോടുകൂടി. നിത്യഭയങ്ങൾ = പതിവായുണ്ടാകുന്ന പേടികൾ. ഈ പത്തു നാമങ്ങളും ജപിച്ചാൽ ഭയങ്ങൾ ഒഴിയും. "പാൎത്ഥസ്യൈതാനി നാമാനി ത്രിസന്ധ്യം യഃ പഠേന്നരഃ തസ്യ സൎവ്വഭയം നാസ്തി സൎവ്വത്ര വിജയീഭവേൽ" എന്നു പ്രമാണമുണ്ടു്. പേടി കളഞ്ഞു .... തരുവൻ ഞാൻ = നീ പേടികൂടാതെ തേർ തെളിച്ചാൽ ശത്രുക്കളെ ഞാൻ വീണ്ടു തരാം. മന്നവ നിന്നോടു......നടത്തുന്നുണ്ടു ഞാൻ=നിന്നോടു തുല്യനെന്നു ഞാൻ എന്നെ പറഞ്ഞതു ക്ഷമിക്കണം. ഇന്ദ്രനു മാതലി തേർ തെളിക്കുന്നതു പോലെ ഞാനങ്ങക്കു തേർ നടത്താം. കരുതീടിനാൻ = സ്മരിച്ചു. ജഗത്ത്രയം = മൂന്നു ലോകങ്ങൾ. ദേവദത്തമായ = ദേവദത്തം എന്നു പേരുള്ള (അൎജ്ജുനന്റെ ശംഖിനു ദേവദത്തം എന്നാണു് പേർ) ദേവരാജാത്മജൻ = ഇന്ദ്രപുത്രൻ. സിംഹനാദങ്ങൾ = ഗൎജ്ജനങ്ങൾ. ശംഖധ്വനികൾ = ശംഖനാദങ്ങൾ, വീരന്മാരഞ്ചും ചെറ ഞാണൊലികൾ = വീരന്മാർ കേട്ടാൽ ഭയപ്പെടുന്ന ഞാണൊച്ചകൾ. മാരുതി തന്നുടെ = ഹനൂമാന്റെ. ഘോരഘോരം=അതിഭയങ്കരം. മുറയിട്ടാൻ = നിലവിളിച്ചു. ഉത്തരൻഭീതികളവാനായ് = ഉത്തരന്റെ ഭയംപോക്കുവാൻവേണ്ടി. ധാത്രി = ഭൂമി. അൎജ്ജുനൻ ഇങ്ങനെ ഘോഷം മുഴക്കിക്കൊണ്ടു യാത്ര തുടൎന്നപ്പോൾ ഭൂമി കുലുങ്ങുകയും സമുദ്രങ്ങൾ കലങ്ങുകയും ചെയ്തു.

359—426:— അൎജ്ജുനന്റെ വരവിലുള്ള ഘോഷം

കേട്ടപ്പോൾ ഭീഷ്മദ്രോണാദികളും ദുര്യോധനാദികളും ത
മ്മിൽ ചെയ്ത സംഭാഷണങ്ങളേയും മററും പറയുന്നു:— ഭര
ദ്വാജനന്ദനൻ=ദ്രോണൻ. ഭോഷനാം=മൂഢനായ. നാഗധ്വ
ജനോട് = ദുര്യോധനനോട്. പാൎത്ഥൻവരവ് = അൎജ്ജുന
ന്റെ വരവ്. പാൎത്ഥിവനന്ദന = രാജപുത്ര (സംബോധന)
ദുശ്ശകുനങ്ങൾ = ദുർല്ലക്ഷണങ്ങൾ. നിശ്ശേഷനാശം = സൎവ്വ
നാശം. ഭാഗീരഥീസുതൻ = ഭീഷ്മർ. പണ്ടു പറഞ്ഞ സമയം =
ദ്യൂതുകളി കഴിഞ്ഞപ്പോൾ പറഞ്ഞു വെച്ചിട്ടുള്ള സമയം (പ
ന്ത്രണ്ടും ഒന്നും പതിമൂന്നു സംവത്സരം). വനം പൂകെന്നതേ
വരൂ = കാട്ടിലേക്കു പോകതന്നെ വേണ്ടിവരും. കൊണ്ടാ
ടി........ പറയേണ്ട = അതു കൂടാതെ കഴിപ്പാൻ ആ
രും പാണ്ഡവന്മാരുടെ ഭാഗം പിടിച്ചു പറയേണ്ട. ഉചിതം
പറകയില്ല = ഉചിതമായതിനെ പറകയില്ല. പാണനോ
............യാചാൎയ്യനോ = ദ്രോണാചാൎയ്യർ എന്നെ
നികൃഷ്ടനാക്കി പറയും. തോഴ = സ്നേഹിതാ. കൂട്ടമിട്ട് —
കൂട്ടംകൂടി. വാട്ടം — ചാഞ്ചല്യം. കൂട്ട് = സഹായം. വെണ്മ
ഴുവേന്തിയ രാമൻ = പരശുരാമൻ. മന്ദതയില്ല = കുസലില്ല.
ഇന്ദ്രതനൂജൻ = അൎജ്ജുനൻ, ഇന്ദ്രാവരജൻ = ശ്രീകൃഷ്ണൻ, "വാ
ട്ടം ഭവാനുള്ളിൽ" എന്നു മുതൽ "എന്നോടു തുല്യരല്ലെന്നു ധ
രിക്കണം" എന്നുവരെ കൎണ്ണന്റെ വാക്കാകുന്നു. വമ്പ് = മേ
നി. കൃപർ = കൃപാചാൎയ്യർ. "കൎണ്ണാ മതി മതി" എന്നതു മു
തൽ "പറകയൊഴിഞ്ഞു നിനക്കാമോ" എന്നതുവരെ കൎണ്ണ
നോടുള്ള കൃപരുടെ വാക്കാകുന്നു. പോരും പറഞ്ഞതു = പറ
ഞ്ഞതു മതി. ജംഭാരിനന്ദനൻ വമ്പുകൾ = അൎജ്ജുനന്റെ
മഹിമകൾ. കിംഫല....................കൊ
ണ്ട് = തന്നാത്താൻ പ്രശംസിക്കുന്നതുകൊണ്ടെന്തു ഫലം.
ദ്രുപദനെ = പഞ്ചാലരാജാവിനെ. അൎജ്ജുനൻ മുമ്പ് ദ്രുപ
ദരാജാവിനെ പിടിച്ചു കെട്ടി ദ്രോണാചാൎയ്യൎക്കു

ദക്ഷിണയായി സമൎപ്പിച്ചു. ചിത്രരഥനായ..........നല്ല യോപുരാ=ചിത്രരഥൻ എന്ന പേരായ ഗന്ധൎവ്വനെ പണ്ട യുദ്ധത്തിൽ ജയിച്ചതു് അൎജ്ജുനനല്ലേ. ലക്ഷ്യവും ഭേദിച്ചു്=ലാക്കംമുറിച്ചു്, പുഷ്കരനേത്രയെ=സുന്ദരിയെ, കാമപാലാദിയദുക്കളെ=കാമപാലൻ (ബലഭദ്രൻ) മുതലായ യാദവന്മാരെ. ഖാണ്ഡവകാനനദാഹം = ഖാണ്ഡവമെന്ന വനത്തിന്റെ ദഹനം. ഗാണ്ഡീവം=ആ പേരിൽ പ്രസിദ്ധമായവില്ലു്. അന്തക.... പറിച്ചതു്=കിരാതവേഷം ധരിച്ചുവന്ന പരമശിവനോടു് പാശുപതാസ്ത്രം വാങ്ങിയതു്, ഇന്ദ്രാജ്ഞയാ=ഇന്ദ്രന്റെ കല്പനയാൽ. വാനുലകം=സ്വൎഗ്ഗലോകം. താനേ....ജയിച്ചതും=രാജസൂയാരംഭത്തിൽ താനേകനായി പോയി വടക്കെ ദിക്കു മുഴുവൻ ജയിച്ചതും. മുററും=മുഴുവനും. പറക............ക്കാമോ—പറവാനല്ലാതെ വല്ലതും ചെയ്യാൻ നിനക്കു കഴിയുമോ. "പേയായ വാക്കുകൾ" എന്നുമുതൽ "ഭിക്ഷയേററീടുവാൻ" എന്നുവരെ കുപിതനായ കൎണ്ണൻ കൃപരോടു പറയുന്ന വചനമാകുന്നു. പേയായ=ഭ്രാന്തായ. പോയ്യാരാമന്ത്രണമുൺക–ആരെങ്കിലും ക്ഷണിച്ച സ്ഥലത്തുപോയി ശ്രാദ്ധമുണ്ടുകൊൾക. യാഗാദികൎമ്മങ്ങൾ=യാഗം മുതലായ കൎമ്മങ്ങൾ. ഭിക്ഷയേററീടുവാൻ=ഭിക്ഷയാചിപ്പാൻ. ദുൎഭാഷണം=ചീത്തവാക്കു്. വിപ്രോത്തമൻ=ബ്രാഹ്മണശ്രേഷ്ഠൻ. കൎണ്ണന്റെ ദുൎഭാഷണം കേട്ടപ്പോൾ അശ്വത്ഥാമാവു കോപിച്ചു. ഗംഗാസുതൻ=ഭീഷ്മൻ. നിങ്ങളിൽ കോപിയായ്ക=നിങ്ങൾ തമ്മിൽ പിണങ്ങാതിരിക്കുവിൻ. പിന്നെയും....................പാൎത്തിലയോ നീയും=പിന്നെ ഭീഷ്മർ "ഹേ കൎണ്ണ പതിമൂന്നു സംവത്സരം കഴിഞ്ഞ കഥ നീയറിഞ്ഞില്ലേ" എന്നു ചോദിച്ചു. "എന്നുടെ രാജ്യം" എന്നു മുതൽ "പടക്കോപ്പു കൂട്ടുക" എന്നുവരെ ദുൎയ്യോധനന്റെ വാക്കാകുന്നു. ഘോരമായ്=ഭയങ്കരമായി. വ്യൂഹം=അണി. വാഹിനീവാരിധി പൂരങ്ങൾ=നദികളിലെയും

സമുദ്രത്തിലേയും ജലപ്രവാഹങ്ങളും. ദുര്യോധനന്റെ കല്പനയാൽ ഭീഷ്മർ യുദ്ധത്തിന്നു വ്യൂഹമുറപ്പിച്ചു. അംബരചാരികൾ=ആകാശചാരികൾ. തുംബുരുനാരദനാദികൾ=തുംബുരു, നാരദൻ മുതലായ മുനിമാർ. മത്സ്യരാജാത്മജൻ=വിരാടപുത്രൻ (ഉത്തരൻ)

427—460—യുദ്ധം ആരംഭിക്കുന്നു—കൌരവന്മാർ പശുക്കളെ വിട്ടു അകലുന്നു—അർജ്ജുനൻ കൌരവസൈന്യത്തിലെ മഹാരഥന്മാരുടെ കൊടിയടയാളങ്ങൾ ഉത്തരനോട് വർണ്ണിക്കുന്നു,—ഗുരുഭൃതന്മാർ=ഗുരുക്കന്മാർ. ഹുങ്കാരം—ഗർജ്ജനം. ശങ്കിച്ച്=സംശയിച്ച്. ശങ്കാരഹിതം (ക്രി. വി.) ശങ്കകൂടാതെ. പെരുത്തും=വീണ്ടും വീണ്ടും. ശോണഹയരഥം=ചുവന്ന കുതിരകളെ പൂട്ടിയ തേർ. കേതുതന്മേൽ=കൊടിയിന്മേൽ. പൊന്മയവേദി=സ്വർണ്ണമയമായ വേദി. ദ്രോണരുടെ കൊടിയടയാളം സ്വർണ്ണവേദിയാകുന്നു. തത്സന്നിധൌ=അതിന്നരികിൽ. ദ്രോണാത്മജൻ=ദ്രോണപുത്രൻ. സിംഹലാംഗൂലകേതുമാൻ = സിംഹലാംഗൂലം (സിംഹത്തിന്റെ വാൽ) ആകുന്ന കൊടിയടയാളത്തോടുകൂടിയവൻ. ബാണ...........ഗ്രേസരൻ=അമ്പും വില്ലും ധരിച്ചവരിൽ മുമ്പൻ. ക്ഷോണി=ഭൂമി. ആദിത്യചന്ദ്രന്മാർ=സൂര്യനും ചന്ദ്രനും. പ്രാണവിനാശം=മരണം. അഗ്രേ=മുമ്പിൽ. വൃഷധ്വജം=കാളക്കൊടി. ഉഗ്രൻ=ഭയങ്കരൻ. വൃഷധ്വജ തുല്യൻ=പരമശിവനോടു തുല്യൻ. ധനുർദ്ധരൻ=വില്ലാളി. അഗ്ര്യകുലോത്ഭവന്മാരിൽ = ആഭിജാത്യമുള്ളവംശത്തിൽ പിറന്നവരിൽ. അഗ്രഗണ്യൻ=മുമ്പിൽ എണ്ണേണ്ടവൻ. ഇല്ലശാര..................മില്ലൊരു സംശയം=ശാരദ്വതനും (കൃപാചാര്യനും) മരണമില്ല; അദ്ദേഹം ഭാർഗ്ഗവതുല്യനാകുന്നു. സ്വർണ്ണകംബു.....................ശോഭിച്ചുകണ്ടതു്=സ്വർണ്ണമയമായ കംബു (ശംഖം) ഗജകക്ഷ്യ എന്നിവയാൽ ശോഭിതം ആയും ഉന്നതമായുമുള്ള ധ്വജം കണ്ടതു്.

പ്രകാശിതം=ശോഭിച്ചതു്. മന്നവനായ=രാജാവായ. ചിഹ്നം=അടയാളം. മണിമയം=രത്നമയം. പന്നഗം=സർപ്പം ദുര്യോധനന്റെ കൊടിയടയാളം സർപ്പമാകുന്നു. സ്വർന്ദീപുത്രൻ=ഗംഗാപുത്രൻ (ഭീഷ്മർ) ശ്വേതാവദാതേന പഞ്ചതാലേന വൈഡൂര്യദണ്ഡേന കേതുനാ തൽശോഭിതം=ശ്വേതാവദാതവും (വെള്ളത്തു്) പഞ്ചതാലവും (അഞ്ചുതാലങ്ങളോടുകൂടിയതു്) വൈഡൂര്യദണ്ഡവും (വൈഡൂര്യരത്നംകൊണ്ടുള്ള കാലുള്ളതു്) ആയ കൊടിയാൽ ശോഭിതമാണ് ഭീഷ്മരുടെ രഥം. വൃത്രാരിപുത്ര..................തെളിഞ്ഞോരനന്തരം= ഇപ്രകാരം അർജ്ജുനൻ പറഞ്ഞ വാക്കുകേട്ടു് ഉത്തരൻ സന്തോഷിച്ചതിന്നശേഷം.

461—538. യുദ്ധം ആരംഭിക്കുന്നു—ആദ്യം തന്നെ കർണ്ണൻ പടയ്ക്കൊരുങ്ങുന്നു:—ഞാനേ...........കേട്ടു്=ഞാൻ തനിച്ചു ജയിച്ചുകൊള്ളാമെന്നു കർണ്ണൻ പറഞ്ഞതു കേട്ടിട്ടു്. വായ്പട.......കർണ്ണ നീ = വായ്പട (വാക്കുകൊണ്ടുള്ള യുദ്ധം) കുറച്ചു കുറയ്ക്കുക. വായ്പോടു=വീര്യത്തോടുകൂടി. അർജ്ജുനൻ യുദ്ധത്തിന്നു വരുന്നതു കണ്ടാലും (എന്നു അശ്വത്ഥാമാവു പറഞ്ഞു). കർണ്ണൻ പടയെല്ലാം=കർണ്ണന്റെ പട മുഴുവൻ. തിരിച്ചുതേ = തിരിച്ചുപോയി. കുരുക്കളിൽ=കൌരവന്മാരിൽ. വമ്പൻ = ഊററക്കാരൻ, കർണ്ണനും ഓടിത്തുടങ്ങി. അന്നേരം.................ഭയങ്കരം = കർണ്ണൻ പിന്തിരിഞ്ഞപ്പോൾ ദ്രോണർ എതിർത്തു; അപ്പോഴത്തെ യുദ്ധം ഭയങ്കരമായി. ദ്രോണാത്മജൻ = ദ്രോണരുടെ പുത്രൻ. ബാണഗണം = ശരനിര. വരിഷിച്ചാൻ= പൊഴിച്ചു. വാങ്ങിനാൻ = പിന്തിരിഞ്ഞു. ദ്രോണരും തൽപുത്രനായ അശ്വത്ഥാമാവും പോർചെയ്തു മടങ്ങി. എതിർത്തെയ്തു = എതിർത്ത് + എയ്തു. ആക്രമോട് = കൂടുതലോടുകൂടി. നോക്കുന്ന ദിക്കിലെല്ലാം അർജ്ജുനന്മാരാണെന്നു തോന്നീട്ടു കൌരവന്മാർ ഓടുകയും അർജ്ജുനന്റെ ശരങ്ങൾ അവരെ

ത്തുടൎന്നു കൂക്കുകയും ചെയ്തു. ദുശ്ശാസനാദി = ദുശ്ശാസനൻ (ദുൎയ്യോധനന്റെ അനുജൻ) മുതലായവർ. ശകുനി = ദുൎയ്യോധനന്റെ അമ്മാമൻ. ദുശ്ശകുനങ്ങൾ = ദുൎന്നിമിത്തങ്ങൾ. ഗംഗാതനയൻ = ഭീഷ്മർ. കുന്തീതനയൻ = അൎജ്ജുനൻ. ശസ്ത്രപ്രയോഗങ്ങൾ = ആയുധപ്രയോഗങ്ങൾ. ഇങ്ങിനെ............... കൂടാ = ഇന്നപ്രകാരമെന്നു പറയുവാൻ വയ്യ. ദുരിയോധനൻ = ദുൎയ്യോധനൻ. ഭീഷ്മർ ഒഴിച്ചപ്പോൾ ദുൎയ്യോധനൻ എതിൎത്തു. കൂവീട= ഒരു വിളിപ്പാട്. നിശ്വാസം = ദീൎഘശ്വാസം. കൌരവന്മാരെല്ലാം പിന്തിരിച്ചപ്പോൾ അശ്വത്ഥാമാവു പറഞ്ഞു. "വമ്പു പറഞ്ഞോരു്" എന്നു മുതൽ "വരുന്നതു കണ്ടീലേ" എന്നുവരെ അശ്വത്ഥാമാവിന്റെ വചനമാകുന്നു. കൎണ്ണനെങ്ങോൻ = കൎണ്ണൻ എവിടെ. ഉമ്പർകോൻപുത്രൻ = അൎജ്ജുനൻ. അൎജ്ജുനൻ വരുന്നതു കണ്ടില്ലേ. അധിക്ഷേപവാക്ക് = നിന്ദാവചനം. അംശേശൻ = കൎണ്ണൻ. അശ്വത്ഥാമാവിന്റെ അധിക്ഷേപം കേട്ടപ്പോൾ കൎണ്ണൻ വീണ്ടും എതിൎത്തു യുദ്ധം ചെയ്തു. മിത്രപുത്രൻ=കൎണ്ണൻ. അത്യൎത്ഥം ഉഗ്രം= വളരെ ഭയങ്കരമായിട്ട്. രണ്ടാമതും.........കൂവീട സത്വരം = കൎണ്ണൻ രണ്ടാമതും എതിൎത്തു തോററ് പടയോടുകൂടി ഒരു വിളിപ്പാട് ഓടിപ്പോയി. ദ്രൌണി=അശ്വത്ഥാമാവ്. നാഗധ്വജൻ=ദുൎയ്യോധനൻ: ശാരദ്വതൻ=കൃപർ. ഇവരെല്ലാം തോററപ്പോൾ അൎജ്ജുനൻ അസ്ത്രമെയ്തുംകൊണ്ടു പിൻതുടൎന്നു. വിത്രസ്തരായ്=ഭീതരായിട്ട്. ദേവദത്താ............ഘോഷം = "ദേവദത്തം" എന്നു പേരായ അൎജ്ജുനന്റെ ശംഖിന്റെ ഘോഷം. ദേവരാജാ............ഘോഷം=ദേവരാജാത്മജന്റെ (അൎജ്ജുനന്റെ) ജ്യാനാദത്തിന്റെ (ഞാണൊലിയുടെ) ഘോഷം. വാനര..................ഘോഷം=ഹനുമാന്റെ ഹുങ്കാരഘോഷം. ധേനു..................ഘോഷം = ധേനുസമൂഹത്തിന്റെ (പശുക്കൂട്ടത്തിന്റെ) പലായനഘോഷം (ഓടുന്ന ഘോഷം) ഈ ഘോ

ഷമെല്ലാം കേട്ട് കൌരവസൈന്യം ഓട്ടംതുടങ്ങി. മോഹനാസ്ത്രം=മോഹിപ്പിക്കുന്ന അസ്ത്രം. 'മോഹിച്ചു=മോഹാലസ്യപ്പെട്ടു. ബുദ്ധിമറന്ന്=ബോധം വിട്ടു. കുരുബലം=കൌരവസൈന്യം. അർജ്ജുനൻ മോഹനാസ്ത്രം പ്രയോഗിച്ചു ശത്രുസൈന്യത്തെയെല്ലാം മോഹാലസ്യപ്പെടുത്തി. സ്വപ്നാസ്ത്രശക്ത്യാ = മോഹനാസ്ത്രത്തിന്റെ ശക്തികൊണ്ടു്. സുപ്തരായ് വീണു = ഉറങ്ങിയവരായി വീണു. ഉഷ്ണീഷ............ളെല്ലാം=ഉഷ്ണീഷങ്ങൾ (തലപ്പാവുകൾ), വസ്ത്രങ്ങൾ, ആഭരണങ്ങൾ മുതലായവയെല്ലാം. തൃഷ്ണതീർപ്പാൻ............ജനങ്ങൾക്ക് = പരസ്ത്രീജനങ്ങൾക്കുള്ള ആഗ്രഹം തീർക്കാൻ. കൃൽസ്നം = മുഴുവൻ. ഗുരൂണാം ഒഴിച്ച് = ഗുരുക്കന്മാരുടേതു് ഒഴിച്ച്. കൃഷ്ണസഖിയായ = ശ്രീകൃഷ്ണന്റെ സ്നേഹിതനായ. ജിഷ്ണുജൻ=ഇന്ദ്രപുത്രൻ. വിരാടപുരിയിൽനിന്നു പോരുമ്പോൾ അവിടത്തെ സ്ത്രീജനങ്ങൾ ആഗ്രഹിച്ചു പറഞ്ഞപ്രകാരം അവർക്കു കൊടുക്കുവാൻ ഗുരുക്കന്മാരെ ഒഴിച്ച് എല്ലാവരുടേയും വസ്ത്രാദികൾ അഴിച്ചുകൊൾവാൻ അർജ്ജുനൻ ഉത്തരനോടു പറകയും അയാൾ അഴിച്ചെടുക്കുകയും ചെയ്തു. പാൎത്ഥനീരണ്ടു............ഗുരുഭൃതന്മാൎക്കെല്ലാം=അർജ്ജുനൻ തന്റെ ഗുരുഭൃതന്മാരായ ദ്രോണകൃപഭീഷ്മാദികൾക്ക് ഈരണ്ടു ശരങ്ങളെക്കൊണ്ടു് അഭിവാദ്യം ചെയ്തു. യുദ്ധേ=യുദ്ധത്തിൽ. അത്ര വന്നേനഹം=ഞാൻ ഇവിടെ വന്നിരിക്കുന്നു. അപരാഹ്നെ=ഉച്ചതിരിഞ്ഞിട്ട്. മാനമോടെ= അഭിമാനത്തോടുകൂടി. മച്ചരിത്രം=എന്റെ കഥ. പ്രകാശിപ്പിക്കരുതു് = പ്രസിദ്ധമാക്കരുതു്. ആയോധനെ=യുദ്ധത്തിൽ. ശമീകോടരെ = ശമീവൃക്ഷത്തിന്റെ പൊത്തിൽ. അർജ്ജുനൻ യുദ്ധത്തിൽ ജയിച്ച വിവരമറിയിപ്പാൻ ഉത്തരനെ പുരിയിലേക്കയക്കയും, ആയുധംകൊണ്ടുപോയി ശമീവൃക്ഷത്തിന്റെ പൊത്തിൽതന്നെ വെയ്ക്കുകയും ചെയ്തു.

539—572 ഉത്തരൻ വിജയിയായി വന്നവിവരം

അറിഞ്ഞു വിരാടരാജാവ് നഗരത്തിൽ ഉത്സവം ഘോഷിക്കു വാൻ ആജ്ഞാപിക്കയും, സന്തോഷം സഹിക്കാതെ ചൂതുപൊരുതുവാൻ ആരംഭിക്കയും ചെയ്യുന്നു—സന്യാസിയായ കങ്കനും വിരാടനും തമ്മിൽ ചൂതുപൊരുതുമ്പോൾ ഒരനിഷ്ടസംഭവം ഉണ്ടാകുന്നു:—ഉത്തരൻ..................ചൊല്ലീടിനാർ = ഉത്തരൻ കൌരവന്മാരെ ജയിച്ചുവെന്ന് ഉത്തരന്റെ ദൂതന്മാർ ചെന്നു പറഞ്ഞു. പ്രീതനായ്=സന്തുഷ്ടനായിട്ട്. നിയോഗിച്ചാൻ= കല്പിച്ചു. അക്ഷങ്ങൾ..........മാത്രം ചൂതു് = ഹേ സൈരന്ധ്രി അക്ഷങ്ങൾ (ചൂതുകരുക്കൾ) കൊണ്ടുവരിക; ഇപ്പോൾ കുറച്ചു ചൂതുകളിക്കണം. കങ്കനോട് = സന്യാസി വേഷധാരിയായ ധർമ്മപുത്രനോട്. ശങ്കാരഹിതം = (ക്രി. വി.) ശങ്കകൂടാതെ. ചൂതുപൊരുതണമെന്നു വിരാടൻ പറഞ്ഞപ്പോൾ കങ്കൻ ശങ്ക കൂടാതെ പറഞ്ഞു. "ഹൃഷ്ടനായുള്ളവനോടും" എന്നു മുതൽ "അപത്തുവന്നതു മന്നവ" എന്നുവരെ കങ്കൻ വിരാടനോടു പറയുന്ന വചനമാകുന്നു. ഹൃഷ്ടനായുള്ളവൻ = വല്ല വിശേഷസംഭവംകൊണ്ടും വല്ലാതെ സന്തോഷിച്ചിരിക്കുന്നവൻ. കിതവനാം=ധൂർത്തനായ. ദുഷ്ടൻ = നീചൻ. ദേവനം = ചൂതാട്ടം. നന്നല്ല=നല്ലതല്ല. എന്നു കേൾപ്പുണ്ട്..............ഞാനോ പോരാം=ഹൃഷ്ടനായവൻ മുതലായവരോട് ചൂതാട്ടം നല്ലതല്ലെന്നു ഞാൻ കേട്ടിട്ടുണ്ട്; എങ്കിലും കൂടിയേ കഴിയൂ എന്നാണെങ്കിൽ ഞാൻ ചൂതുപൊരുതാം. (പൊരാം = പൊരുതാം) ദോഷമൊഴിഞ്ഞില്ല=ദോഷമല്ലാതെ ഒന്നുമില്ല. മേദിനീപാലക=രാജാവേ. കേട്ടതില്ലേ ഭവാൻ............ആപത്തുവന്നതു= സാധുവായ ധർമ്മപുത്രന്ന് ചൂതിനാൽ ആപത്തുവന്നതു് അങ്ങു കേട്ടില്ലേ. ബഹുമോദം (ക്രി. വി.) = ഉണ്ടായ സന്തോഷത്തോടുകൂടി. ഒരു വര = ഒരു തവണ. എങ്കിലും ഒരു വര വെയ്ക്കുകതന്നെ എന്നായി വിരാടൻ. മത്സരമുൾക്കൊണ്ടു = മത്സരത്തോടുകൂടി. വത്സനാമുത്തരൻ = ബാലനായ

ഉത്തരൻ. ഉത്സവംപൂണ്ടു് = അത്യന്തസന്തോഷം പൂണ്ടു്. ധന്യൻ=ശ്രേഷ്ഠൻ. ചൂതുകളിക്കുന്നതിന്നിടയിൽ ഉത്തരൻ യുദ്ധത്തിൽ ജയിച്ചുവന്നതായി വിരാടരാജാവു അതിസന്തോഷത്തോടുകൂടി പറഞ്ഞപ്പോൾ ധർമ്മപുത്രൻ ചിരിച്ചുംകൊണ്ടു പറഞ്ഞു. "ഉത്തരനല്ലാ" എന്നുമുതൽ രണ്ടുവരി ധർമ്മപുത്രന്റെ വചനം. ഉത്തരനല്ലാ......................നിർണ്ണയം=ഉത്തരനല്ല ജയിച്ചതു് നിശ്ചയം; ബൃഹന്നളയാണു് ജയിച്ചതെന്നു വരാം. അന്യസ്തുതി=മററൊരാളെക്കുറിച്ചുള്ള സ്തുതി. അന്യനെ സ്തുതിച്ചതു കേട്ടു് കോപിച്ചു വിരാടൻ ഒരു ചൂതെട്ടു് സന്യാസിയെ എറിഞ്ഞു. ധർമ്മജൻ താൻ തനിക്കു്=ധർമ്മപുത്രന്നു്. പാഞ്ചാലി=സൈരന്ധ്രി. ഉത്തരീയത്തിൽ=മേൽമുണ്ടിൽ. ഏററുകൊണ്ടീടിനാൾ=സ്വീകരിച്ചു. മരണം ചെറുപ്പാനായ്=മരണംകൂടാതെ കഴിപ്പാൻവേണ്ടി. സന്യാസി തന്നുടെ................ചൊല്ലി=സന്യാസിയുടെചോര വീഴുന്ന സ്ഥലം മുടിഞ്ഞുപോകും എന്നു പറഞ്ഞിട്ടു്. രാജാവു എറിഞ്ഞ ചൂതുകരു കങ്കന്റെ നെററിമേൽ കൊണ്ടു. നെററിമുറിഞ്ഞു രക്തം ഇററുവീഴുവാൻ തുടങ്ങി. പെട്ടെന്നു സൈരന്ധ്രി "സന്യാസിയുടെ ചോര വീഴുന്ന പ്രദേശം മുടിഞ്ഞുപോകും" എന്നു പറഞ്ഞു ഉത്തരീയം ചുവട്ടിൽ കാട്ടി ആ ചോര വാങ്ങി. മത്സ്യരാജാവിന്റെ മരണം കൂടാതെ കഴിപ്പാൻവേണ്ടിയാണു് ഇതു ചെയ്തതു്. [ധർമ്മപുത്രനെ മുറിപ്പെടുത്തി. ചോര നിലത്തുവീഴ്ത്തുന്നവൻ ആരായാലും വേണ്ടില്ല അവനെ താൻ കൊല്ലുമെന്നു അർജ്ജുനൻ സത്യം ചെയ്തിട്ടുണ്ടു്. അതിനാലാണു് ചോര നിലത്തുവീഴാതെ കഴിക്കുന്നതു് വിരാടരാജാവിന്നു മരണം ഭവിക്കാതിരിപ്പാൻ കാരണമാകുന്നതു്.]

573—588—ഉത്തരൻ വരുന്നു—പാണ്ഡവന്മാരുടെ പരമാർത്ഥം അറിയുന്നു—വിരാടൻ വിജയിയായ വിജയന്നു്

പുത്രിയായ ഉത്തരയെ കൊടുക്കുന്നു—അൎജ്ജുനൻ സ്വപുത്രനായ അഭിമന്യുവിന്നുവേണ്ടി ഉത്തരയെ സ്വീകരിച്ചു ഉപപ്ലാവ്യനഗരത്തിലേക്കു പോകുന്നു:—

ഉത്തമന്മാരാം ഗുരുജനപാദങ്ങൾ=ഉത്തമന്മാരായ ഗുരുജനങ്ങളുടെ പാദങ്ങൾ. (ഉത്തമന്മാരാം എന്ന വിശേഷണം ഗുരുജനപാദങ്ങൾ എന്ന സമസ്തപദത്തിലെ ഗുരുജനശബ്ദത്തിൽ അന്വയിക്കണം. സമാസപദത്തിന്റെ ഏകദേശത്തിൽ വിശേഷണം ചേൎക്കുന്നതു് ഭംഗിയല്ല. എന്നാൽ പഴയ കൃതികളിൽ ഇതൊരു തെററായി ഗണിച്ചിട്ടില്ല. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ ഈദൃശപ്രയോഗങ്ങൾ അല്ലാല്ലും കാണാം) പാണ്ഡവന്മാർ=പാണ്ഡുപുത്രന്മാർ. ഗാണ്ഡീവധന്വാവു്=അൎജ്ജുനൻ (ഗാണ്ഡീവം എന്ന ധനുസ്സോടുകൂടിയവൻ. ബഹുവ്രീഹിസമാസത്തിന്റെ അവസാനത്തിലുള്ള ധനുശ്ശബ്ദം ധന്വൻ എന്നായി മാറി) ഭഗിനി=സോദരി. പാണ്ഡവന്മാരാണെന്നറിഞ്ഞപ്പോൾ വിരാടൻ ഉത്തരന്റെ സോദരിയായ ഉത്തരയെ കിരീടിക്കു നൽകി. പുത്രഭാൎയ്യാൎത്ഥം=പുത്രന്റെ (അഭിമന്യുവിന്റെ) ഭാൎയ്യയാകുവാൻ വേണ്ടി. പരിഗ്രഹിച്ചാൻ=സ്വീകരിച്ചു. മിത്ഥ്യാപവാദം = മിത്ഥ്യയായ ജനസംസാരം. ഉണ്ടാം = ഉണ്ടാകും, ശങ്കയാ=ശങ്കയാൽ. എന്തെല്ലാം മുമ്പെ........................ ....യറിഞ്ഞീലല്ലോ=അൎജ്ജുനൻ ഉത്തരയെ മുമ്പെന്തെല്ലാമാണു് പഠിപ്പിച്ചതെന്നു മററാരും അറിഞ്ഞിട്ടില്ല. മഹാലോകർ=മഹാജനങ്ങൾ. എന്നെ=എന്നെപ്പററിയെന്നൎത്ഥം. മഹാലോകർ ഇങ്ങനെ അപവാദം പറയുമെന്നുള്ള ഭയംകൊണ്ടാണു് അൎജ്ജുനൻ ഉത്തരയെ പുത്രഭാൎയ്യാൎത്ഥമായി സ്വീകരിച്ചതു്. കല്യാണമോടു്=മംഗളത്തോടുകൂടി! ഉപപ്ലാവ്യ.... ....വിവാഹത്തിനക്കാലം = വിരാടരാജധാനിയിൽ നിന്നു് ഉപപ്ലാവ്യമെന്ന നഗരത്തിൽ ചെന്നിരുന്നിട്ടു് ഉ

ത്തരയുടെ വിവാഹത്തിന്നായി ബന്ധുജനങ്ങളെ വരുത്തി.

589—600. ഉത്തരാവിവാഹം:—കൃഷ്ണൻ തിരുവടി= ശ്രീകൃഷ്ണൻ. വൃഷ്ണികൾ=വൃഷ്ണിരാജാക്കന്മാർ. ഭദ്ര=മംഗളസ്വരൂപിണി. സൌഭദ്രൻ=സുഭദ്രാപുത്രൻ. പാഞ്ചാലനോടു=പാഞ്ചാലരാജാവിനോടുകൂടി. ധൃഷ്ടദ്യുമ്നൻ = പാഞ്ചാലിയുടെ സോദരൻ. അഭിമന്യുവിനോടുകൂടി സുഭദ്രയും പാഞ്ചാലരാജാവിനോടുകൂടി ധൃഷ്ടദ്യുമ്നനും വന്നു. ഉത്തമസ്ത്രീ................... കൈക്കൊണ്ടാൻ = ഉത്തമസ്ത്രീകളുടെ കുലത്തിന്നു് ഉത്തംസരത്നം (ശിരോലങ്കാരമായുള്ള രത്നം) ആയ അംഗത്തോടുകൂടിയ ഉത്തരയെ അഭിമന്യു വിവാഹം ചെയ്തു. ഉല്ലാസമോടു=ഉന്മേഷത്തോടുകൂടി. അല്ലൽ=സങ്കടം. അജ്ഞാത .... സല്ലാപമോടു=അജ്ഞാതവാസം ചെയ്തതിനെക്കുറിച്ചുള്ള നല്ല സല്ലാപത്തോടുകൂടി. എല്ലാവരും ഉപപ്ലാവ്യനഗരത്തിൽ സുഖിച്ചു.

601—633. ദുര്യോധനനോടു് തനിക്കവകാശപ്പെട്ട അർദ്ധരാജ്യത്തെ യാചിക്കുവാനുള്ള ധർമ്മപുത്രന്റെ ഉത്സാഹം: മിത്രസമ്പത്തി = സുഹൃത്തുക്കളുടെ ലാഭം. അർത്ഥസമ്പത്തി = ധനലാഭം. പുത്രസമ്പത്തി = പുത്രലാഭം. അസ്ത്രസമ്പത്തി = അസ്ത്രലാഭം. വർദ്ധിച്ചു വർദ്ധിച്ചു് = അധികം വർദ്ധിച്ചു. അനുദിവസം=ദിവസംതോറും. ധർമ്മപുത്രാദി........തനയന്മാർ= ധർമ്മപുത്രൻ മുതലായ പാണ്ഡവന്മാർ. അർത്ഥിക്കവേണം = യാചിക്കണം. സമയേന=സമയം, (കരാറു്) അനുസരിച്ചു. ദായം = അവകാശപ്പെട്ട മുതൽ. അർദ്ധരാജ്യം = പകുതിരാജ്യം. ധൃതരാഷ്ട്രജനോടു്=ദുര്യോധനനോടു്. പ്രവൃത്തി = കർത്തവ്യം. ചിന്തിക്കണം =വിചാരിക്കണം. പാതിരാജ്യം അപേക്ഷിച്ചാൽ ദുര്യോധനൻ തരികയില്ല; പിന്നെയെന്താണു് ചെയ്യേണ്ടതെന്നു് ആലോചിക്കണം. ആപത്തിന്നാ............ മേവർക്കും=അവിവേകം എല്ലാവർക്കും ആപത്തിന്നു കാരണമാ

ണ്. ആവോളം=ആകാവുന്നിടത്തോളം. ശ്രീവാസുദേവൻ=ശ്രീകൃഷ്ണൻ. ഗോവിന്ദൻ=ശ്രീകൃഷ്ണൻ. എവരുമൊത്തു=എല്ലാവരും ചേൎന്ന്. ജ്യോതിഷ്മതീപതി=ജ്യോതിഷ്മതിപതിയിലെ രാജാവു്. ദുൎയ്യോധനന്നു് ദ്രോണഭീഷ്മാദികൾ ഉററബന്ധുക്കളായിട്ടുള്ളതുകൊണ്ടു യുദ്ധംതുടങ്ങിയാൽ ജയിപ്പാൻ പ്രയാസമുണ്ടു്. ദ്രോണരാ . . . . നില്ലെന്നു നിൎണ്ണയം=ദ്രോണാചാൎയ്യന്റെ കയ്യിൽ വില്ലുള്ളപ്പോൾ അദ്ദേഹത്തിന്നു മരണഭയമില്ല. ശന്തനു=ശന്തനുരാജാവു്. സ്വച്ഛന്ദമൃത്യു=ഇഷ്ടമുള്ള സമയത്തുമാത്രം മരണമുള്ളവൻ. പിതാമഹൻ=ഭീഷ്മർ. അച്ഛനായ ശന്തനുരാജാവിന്റെ വരത്താൽ ഭീഷ്മൎക്കു അദ്ദേഹം ഇഷ്ടപ്പെടുന്നസമയത്തേ മരണമുള്ളു. വിശ്വനാശം ....നശയവൻ=അശ്വത്ഥാമാവിന്നു് ലോകാവസാനകാലത്തുംകൂടി മരണമില്ല. അദ്ദേഹം അസ്ത്രജ്ഞന്മാരിൽ ശ്രേഷ്ഠനാണു്, മൃത്യുഭയം — — — — — — — ബ്രഹ്മജ്ഞസത്തമൻ = കൃപാചാൎയ്യൎക്കും ഒരു കാലത്തും മരണമില്ല;' അദ്ദേഹം ബ്രഹ്മജ്ഞന്മാരിൽ വെച്ചു ശ്രേഷ്ഠനാകുന്നു. മിത്രതനയനും . . . . . . ശക്തിയുണ്ടാകയാൽ = വൃത്രാരി (ഇന്ദ്രൻ) കൊടുത്ത ശക്തി (വേൽ) ഉള്ളതുകൊണ്ടു് കൎണ്ണന്നും മൃത്യുഭയമില്ല. ഇങ്ങനെയുള്ള . . . . , . . നിരൂപിച്ചാൽ = ഇപ്രകാരമുള്ള ദിവ്യന്മാരെ എങ്ങനെ നിഗ്രഹിക്കും. മല്ലാരി=മല്ലന്മാരുടെ ശത്രു. മാധവനേ = ശ്രീകൃഷ്ണൻ മാത്രമേ. ഗതി=ആശ്രയം. ഗതിയുള്ളു നമുക്കൊരു നല്ലതു് = നമുക്കു നല്ലതായ ഒരാശ്രയമുള്ളു. എന്നു വിചാരിച്ചു പാണ്ഡവന്മാർ വസിച്ചു.

639—640:— കിളി കഥ അവസാനിപ്പിക്കുന്നു;—

നല്ല . . . . മേലിലെ ചൊൽകിൽ = ഈ കഥ ഇനിമേലുള്ള ഭാഗം പറഞ്ഞാൽ നല്ലതാണു്. ഉല്ലാസമോടു്= സന്തോഷത്തോടുകൂടി. പൈങ്കിളി മകൾ = തത്ത.

DEFINITORY T.O.C.F.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00012366
T61 V82

മഹാഭാരതം

വിരാടപൎവ്വം

വ്യാഖ്യാതാവ്

കെ. വി. യം.

T61
V82